# ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്



## നീതിവേദി

JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT



വയനാട്ടിലെ

# ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്

– പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനം

## നീതിവേദി


രജി. നമ്പർ 711/2003,
കൽപ്പറ്റ നോർത്ത് പി.ഒ., വയനാട് ജില്ല, കേരളം - 673 122
ഫോൺ 04936 - 204266, ഇമെയിൽ- info@neethivedhi.org
വെബ്- www.neethivedhi.org

**ഉള്ളടക്കം**


| | | | |
|---|---|---|---|
| **അദ്ധ്യായം** | **1 –** | **ആമുഖം** | **5** |
| | 1.1 | പഠന വിഷയം | |
| | 1.2 | പഠനത്തിന്റെ ആവശ്യകത | |
| | 1.3 | പഠന ലക്ഷ്യങ്ങൾ | |
| | 1.4 | സാങ്കൽപ്പിക സിദ്ധാന്തം | |
| | 1.5 | വിഷയത്തെ സംബന്ധിച്ച പുനരവലോകനം | |
| **അദ്ധ്യായം** | **2 –** | **പ്രാഥമിക പഠനം** | **7** |
| | 2.1 | പഠനത്തിലെ കണ്ടെത്തലുകൾ | |
| | 2.2 | കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ | |
| | 2.3 | കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ | |
| | 2.4 | കൊഴിഞ്ഞുപോക്ക് തടയാനുളള കുട്ടികളുടെ നിർദ്ദേശങ്ങൾ | |
| | 2.5 | കൊഴിഞ്ഞുപോക്ക് തടയാനുള്ള അദ്ധ്യാപകരുടെ നിർദ്ദേശങ്ങൾ | |
| **അദ്ധ്യായം** | **3 –** | **വിഷയത്തെ സംബന്ധിച്ച പുനരവലോകനം** | **13** |
| | 3.1 | ആദിവാസികൾ | |
| | 3.2 | വിദ്യാഭ്യാസം ഉറപ്പുനൽകുന്ന ഭരണഘടനയും<br>വിദ്യാഭ്യാസ അവകാശ നിയമവും (*R.T.E*) | |
| | 3.3 | ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനവും<br>ദേശീയ ആദിവാസി നയവും | |
| | 3.4 | ആദിവാസി ഭാഷയും വിദ്യാഭ്യാസവും | |
| | 3.5 | അദ്ധ്യാപകരുടെ ഇടപെടലുകൾ | |
| | 3.6 | ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് | |
| | 3.7 | കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ | |
| | 3.8 | കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ | |
| **അദ്ധ്യായം** | **4 –** | **ഗവേഷണ പഠനം** | **22** |
| | 4.1 | ചോദ്യാവലി തയ്യാറാക്കൽ | |
| | 4.2 | മാതൃകാ രൂപരേഖ | |
| | 4.3 | പഠന പരിധി | |
| | 4.4 | പഠനത്തിന്റെ ഘടകം | |
| | 4.5 | വിവരശേഖരണം | |
| | 4.6 | ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ | |
| | 4.7 | പഠനത്തിന്റെ പരിമിതികൾ | |
| | 4.8 | വിവര വ്യാഖ്യാനവും വിശകലനവും | |
| **അദ്ധ്യായം** | **5 –** | **പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ** | **37** |
| **അദ്ധ്യായം** | **6 –** | **ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ** | **39** |
| | 6.1 | ബാലാവകാശ കമ്മീഷൻ വിളിച്ചുചേർത്ത യോഗം | |
| | 6.2 | ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗം | |
| | 6.3 | ആദിവാസി യുവജനങ്ങളുടെ യോഗം | |
| | 6.4 | ഉണർവ്വ് പഠനക്കളരി | |
| **അദ്ധ്യായം** | **7 –** | **ശുപാർശകൾ** (***Recommendations***) | **43** |
| **അനുബന്ധം** | : **സൂചനകൾ** (***References***) | | **47** |
| | : **ചോദ്യാവലി** | | **49** |

## ആദരവോടെ

ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത പഠനത്തിന് സാമ്പത്തിക സഹായം നൽകിയ മെൻസെൻ മെറ്റ് ഈൻ മിസ്സി (mensen met een missie) സംഘടനയ്ക്കും വിലയേറിയ നിർദ്ദേശങ്ങൾ നൽകിയ സിയാൻ (സൗത്ത് ഇന്ത്യാ ആദിവാസി നെറ്റ്‌വർക്ക്) അംഗങ്ങൾക്ക് ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഊരുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കാൻ വളരെയധികം പ്രയത്നിച്ച നീതിവേദി ഫീൽഡ് പ്രവർത്തകർക്കും പാരാ ലീഗൽ പ്രവർത്തകർക്കും ആദിവാസി ജീവിതവും മൂല്യങ്ങളും സംബന്ധിച്ച പഠനത്തിനായി നീതിവേദിയോടൊപ്പം ഉണ്ടായിരുന്ന 18 കോളേജ് വിദ്യാർത്ഥികൾക്കും വിവിധ ആദിവാസി ഊരുകളിൽ നിന്നുള്ള നിയമ സന്നദ്ധ പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു.

സർവ്വെയിൽ പങ്കടുത്ത ആദിവാസി കുട്ടികൾക്കും രക്ഷിതാക്കൾക്കും വിലയേറിയ നിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും പ്രത്യേകം നന്ദി. പഠനത്തിലെ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി നീതിവേദിയോട് നിർദ്ദേശിച്ച ബഹു. വയനാട് ജില്ലാ കളക്ടർ ശ്രീ. കേശവേന്ദ്രകുമാറിനും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുത്ത സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗങ്ങൾക്കും ജില്ലാ ഭരണകൂടത്തിലെയും സർക്കാർ വകുപ്പുകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെയും വിവിധ സംഘടനകളിലെയും പ്രതിനിധികൾക്കും കമ്മിററഡ് സോഷ്യൽ വർക്കേഴ്സിനും ആദിവാസി യുവജനങ്ങൾക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

പഠനത്തിലുടനീളം മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകിയ നീതിവേദി ഗവേർണിംഗ് ബോഡി അംഗങ്ങൾ, ഓഫീസ് സ്റ്റാഫംഗങ്ങൾ പ്രത്യേകിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കിയ ഡോക്യുമെന്റേഷൻ ഓഫീസർ ബിജു ജോസ്, കൗൺസിലർ രശ്മി കെ. വി. എന്നിവരെ പ്രത്യേകം നന്ദിപൂർവ്വം ഓർക്കുന്നു.

വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെ ശോഭനമായ ഭാവിക്കുവേണ്ടി തീരുമാനങ്ങളെടുക്കാനും നടപടികൾ ആവിഷ്ക്കരിക്കാനും ചുമതലപ്പെട്ട എല്ലാവർക്കും ഈ ഗവേഷണ പഠനം ഉപകാരപ്രദമാകുമെന്ന പ്രതീക്ഷയോടെ,

നന്ദിപൂർവ്വം,

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**

ഡയറക്ടർ, നീതിവേദി

# അദ്ധ്യായം 1

# ആമുഖം

കേരളത്തിലെ ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ശാക്തീകരണ ശ്രമങ്ങളിൽ നിയമസഹായവും പിന്തുണയും നൽകുന്നതിനും വേണ്ടി 2003 മുതൽ വയനാട് ജില്ലയിലെ കൽപ്പറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന മനുഷ്യാവകാശ സംരംഭമാണ് നീതിവേദി. ആദിവാസികളുടെ പിന്നോക്കാവസ്ഥയ്ക്കും അവർ അഭിമുഖീകരിക്കുന്ന ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണെന്ന ബോധ്യമാണ് ഈ പഠനം നടത്താൻ പ്രേരണയായത്.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ആദിവാസികളുടെ ജീവിത ഗതിയിൽ മാറ്റമുണ്ടാവുകയുള്ളൂ എന്നതുകൊണ്ടുതന്നെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം അടിയന്തര പരിഗണന അർഹിക്കുന്നു. സ്കൂളിൽ പ്രവേശിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളിൽ വളരെക്കുറച്ച് പേർ മാത്രമേ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുള്ളു. പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിൽവെച്ചുതന്നെ ഒട്ടേറെ പേർപഠനം നിർത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. യൂണിസെഫ് നടത്തിയ പഠനത്തിൽ പറയുന്നത് 2008-2013 കാലയളവിൽ വയനാട്ടിലെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി ഉയർന്നുവെന്നാണ്.[1] ആദിവാസി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുവേണ്ടി തുടങ്ങിയ ഗോത്രസാരഥി പദ്ധതിയും വേണ്ടത്ര ഫലപ്രദമായില്ല.

ആദിവാസി കുട്ടികളുടെ *കൊഴിഞ്ഞുപോക്ക്* എന്ന പദപ്രയോഗം പൂർണ്ണമായും ശരിയല്ലെങ്കിലും സ്കൂളിൽ പ്രവേശനം നേടിയ കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതിരിക്കുന്ന സാഹചര്യത്തെ സൂചിപ്പിക്കാൻ കൂടുതൽ അർത്ഥവത്തായ മറ്റൊരു പ്രയോഗം ലഭിക്കാത്തതുകൊണ്ട് നിലവിൽ ഈ പ്രശ്നം സംബന്ധിച്ച് പൊതുവെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ പദം ഗവേഷണ പഠനത്തിൽ സ്വീകരിച്ചിരിക്കുകയാണ്.

### *1.1 പഠന വിഷയം*

വയനാട്ടിലെ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനം

### *1.2 പഠനത്തിന്റെ ആവശ്യകത*

വയനാട് ജില്ലയിൽ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്ക് വ്യാപകമായി കണ്ടുവരുന്നുണ്ട്. മാധ്യമ റിപ്പോർട്ടുകളിൽ നിന്നും ഇത് വളരെ വ്യക്തമാണ്. പല അദ്ധ്യയന ദിവസങ്ങളിലും നീതിവേദിയുടെ ഫീൽഡ് പ്രവർത്തകർ നിയമ സഹായ പ്രവർത്തനങ്ങളുടെ ഭാഗമായി ഊരുകളിൽ ചെല്ലുമ്പോൾ കണ്ടുമുട്ടുന്ന സ്കൂളിൽ പോകാതിരിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. ആദിവാസി കുട്ടികൾ വീട്ടിലും സ്കൂളിലും ഒട്ടനവധി പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്നുണ്ടെന്നും അത് കൊഴിഞ്ഞുപോക്കിന് കാരണമാകുന്നുണ്ടെന്നും ഫീൽഡ് പ്രവർത്തകർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൊഴിഞ്ഞുപോക്കിന്റെ വ്യാപ്തി കണ്ടെത്തി ആദിവാസി കുട്ടികളെ തിരിച്ച് സ്കൂളിലെത്തിക്കാനും അവർക്ക് ഗുണകരമായ വിദ്യാഭ്യാസം ഉറപ്പാക്കാനും ഉത്തരവാ

[1] The New Indian Express, Thursday, 15 October 2015.

ദിത്വപ്പെട്ട ജില്ലാ ഭരണകൂടത്തെയും വിവിധ വകുപ്പുകളെയും പ്രേരിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനം നടത്തിയത്.

## *1.3 പഠന ലക്ഷ്യങ്ങൾ*

### *1.3.1 പൊതുലക്ഷ്യങ്ങൾ*

1. ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളും സാഹചര്യങ്ങളും തടയാനുള്ള മാർഗ്ഗങ്ങളും സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവർക്കും അവബോധം ഉണ്ടാകുന്നു.
2. വിദ്യാഭ്യാസ അവകാശ നിയമം ആദിവാസി മേഖലകളിൽ ഫലപ്രദമായി നടത്തപ്പെടുന്നു.

### *1.3.2 പ്രത്യേക ലക്ഷ്യങ്ങൾ*

1. വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ വ്യാപ്തി മനസ്സിലാക്കുക.
2. വയനാട്ടിലെ ആദിവാസി വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന പണിയ, അടിയ, കാട്ടുനായ്ക്ക സമുദായങ്ങളിലെ കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ സാഹചര്യങ്ങളും കാരണങ്ങളും കണ്ടെത്തുക.
3. കൊഴിഞ്ഞുപോക്ക് തടയാനുള്ള കുട്ടികളുടെയും രക്ഷിതാക്കളുടെയും നിർദ്ദേശങ്ങൾ ശേഖരിക്കുക.
4. കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കി ജില്ലാ ഭരണകൂടത്തിനും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകുക.

## *1.4 സാങ്കൽപ്പിക സിദ്ധാന്തം*

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെയിടയിൽ യഥാവിധി നടപ്പിലാക്കപ്പെടുന്നില്ല.

## *1.5 വിഷയത്തെ സംബന്ധിച്ച പുനരവലോകനം*

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 6 മുതൽ 14 വരെയുള്ള എല്ലാ കുട്ടികൾക്കും സാർവ്വത്രിക സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച വിവിധ പഠനങ്ങൾ അപഗ്രഥിച്ചാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് വളരെക്കൂടുതലാണെന്ന് മനസ്സിലാകും (അദ്ധ്യായം 3 കാണുക).

# അദ്ധ്യായം – 2

# പ്രാഥമിക പഠനം

വയനാട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സ്കൂളുകളിൽ നിന്നും ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന പ്രവണതക്കുള്ള കാരണങ്ങളും സാഹചര്യങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുന്നതിനുവേണ്ടി 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ ജില്ലയിലെ മൂന്ന് താലൂക്കുകളിലെ തിരഞ്ഞെടുക്കപ്പെട്ട 13 സ്കൂളുകളിൽ നീതിവേദി പങ്കാളിത്താധിഷ്ഠിത പഠനം നടത്തുകയുണ്ടായി. 7, 8, 9 ക്ലാസ്സുകളിലെ പട്ടികവർഗ്ഗ കുട്ടികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നുമാണ് വിവരം ശേഖരിച്ചിട്ടുള്ളത്. 13 സ്കൂളുകളിലും ആദിവാസി കുട്ടികൾ ഒട്ടനവധി പ്രതിസന്ധികളും പ്രശ്നങ്ങളും നേരിടുന്നതായും വലിയൊരു ശതമാനം കുട്ടികൾ കൊഴിഞ്ഞുപോകുന്നതായും മനസ്സിലാക്കാൻ സാധിച്ചു.

## *2.1 പഠനത്തിലെ കണ്ടെത്തലുകൾ*

1. വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെയിടയിലുള്ള വ്യാപകമായ കൊഴിഞ്ഞുപോക്ക് ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയമാണ്.
2. ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് സ്കൂളിൽ നിന്നും ലഭിച്ച കണക്കുകൾ യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല എന്നുള്ളതാണ് അദ്ധ്യാപകരോടും കുട്ടികളോടും സംസാരിച്ചപ്പോൾ മനസ്സിലായത്. ഏറെ നാളുകളായി സ്കൂളിൽപോകാത്ത കുട്ടികളുടെ പേരുകൾ രജിസ്റ്ററിൽ നിന്നും നീക്കി കളയാറില്ല.
3. ഊരുകളിൽ നിന്നും തുടർച്ചയായി ക്ലാസ്സിൽ ഹാജരാകാത്ത കുട്ടികളെ സ്കൂളിലെത്തിക്കുന്ന കാര്യത്തിൽ സ്കൂൾ അധികൃതർക്ക് വേണ്ടത്ര ഇടപെടലുകൾ നടത്താൻ സാധിക്കുന്നില്ല.
4. പല സ്കൂളുകളിലും ജാതി-മത-വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിവുകൾ നിലവിലുണ്ട്.
5. ആദിവാസി രക്ഷിതാക്കളിൽ ഭൂരിഭാഗം പേർക്കും വിദ്യാഭ്യാസത്തിലൂടെയുള്ള ആദിവാസി സമൂഹത്തിന്റെ പുരോഗതിയെ സംബന്ധിച്ച് യാതൊരു അവബോധവും ഇല്ല.
6. ആൺകുട്ടികളിലാണ് പഠനം നിർത്തുന്ന പ്രവണത കൂടുതൽ കണ്ടുവരുന്നത്.
7. പട്ടികവർഗ്ഗ വിഭാഗത്തിൽ സാമൂഹ്യ വിദ്യാഭ്യാസ തലങ്ങളിൽ പിന്നോക്കം നിൽക്കുന്ന പണിയ, അടിയ, കാട്ടുനായ്ക്ക സമുദായങ്ങളിലെ കുട്ടികളിലാണ് കൂടുതലായും കൊഴിഞ്ഞുപോക്ക് പ്രവണത കണ്ടുവരുന്നത്.
8. ഗവൺമെന്റ് പദ്ധതികളും ആനുകൂല്യങ്ങളും സംവരണങ്ങളും പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്ക് വേണ്ടത്ര ഫലപ്രദമാകുന്നില്ല. ഭൂരിഭാഗം സ്കൂളുകളിലും യാത്രാക്ലേശം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതി വേണ്ടത്ര കാര്യക്ഷമമല്ല.
9. മിക്കവാറും ആദിവാസി കുടുംബങ്ങളിൽ പ്രഭാതഭക്ഷണം ഉണ്ടാക്കുന്നില്ലെന്നും വിശപ്പോടുകൂടിയാണ് കുട്ടികൾ ക്ലാസ്സിൽ ഇരിക്കുന്നതെന്നും മനസ്സിലായി. എന്നാൽ സ്കൂളിൽ ആദിവാസി കുട്ടികൾക്ക് മാത്രമായി പ്രഭാതഭക്ഷണം നൽകുന്നതിന്റെ പേരിൽ കളിയാക്കലും പരിഹാസവും നേരിടേണ്ടി വരുന്നതുകൊണ്ട് അത് കഴിക്കാൻ കുട്ടികൾക്ക് താൽപര്യമില്ല.

10. ആദിവാസി സൗഹൃദാന്തരീക്ഷവും ആദിവാസി കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന അദ്ധ്യാപകരുമുള്ള സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ കൊഴിഞ്ഞുപോക്ക് കുറവാണെന്നും പഠനത്തിൽ മെച്ചപ്പെടുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു.
11. വീട്ടിൽ നിന്ന് അകലെയുള്ള സ്കൂളുകളിലേക്കും ഹോസ്റ്റലുകളിലേക്കും അയക്കപ്പെടുന്ന കുട്ടികളിൽ വലിയ ശതമാനം പേർക്ക് തുടർന്ന് പഠിക്കാനുള്ള താൽപര്യം നഷ്ടപ്പെടുന്നു. എന്നാൽ ചെറിയ ക്ലാസ് മുതൽ ഒരേ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് തങ്ങളുടെ കൂട്ടുകാരുടെയും പ്രത്യേക ശ്രദ്ധ നൽകുന്ന അദ്ധ്യാപകരുടെയും സാന്നിധ്യവും പരിഗണനയും കൊണ്ട് പഠനം തുടരാൻ കഴിയുന്നു.
12. ആദിവാസി സംസ്കാരത്തിലിഴുകിച്ചേർന്ന് കലാകായിക വിനോദങ്ങളിലൂടെയും വാമൊഴിയിലൂടെയും പകർത്തപ്പെടുന്ന വിദ്യാഭ്യാസ കാഴ്ചപ്പാടാണ് പണ്ടുമുതലേ ആദിവാസികൾക്കുള്ളത്. അതുകൊണ്ടുതന്നെ നിലവിലുള്ള പഠനരീതിയുമായി പൊരുത്തപ്പെട്ടുപോകാൻ ആദിവാസി കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ട്.
13. സ്കൂളിലെ കലാ-കായിക മത്സരങ്ങളിലും പൊതു പരിപാടികളിലും കഴിവുള്ള ആദിവാസി കുട്ടികൾക്ക് പോലും അവസരം നിഷേധിക്കപ്പെടുന്നു.
14. സ്കൂൾ തലത്തിലുള്ള കായിക മത്സരങ്ങളിൽ ജയിച്ചവരാണെങ്കിലും ജില്ലാ, സംസ്ഥാന, ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ ഇവരുടെ പങ്കാളിത്തം വളരെ കുറവാണ്. ശരിയായ പരിശീലനത്തിന്റെയും സാമ്പത്തിക സഹായത്തിന്റെയും അഭാവമാണ് കാരണം.

### *2.2 കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ*

1. രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് മൂലം കുട്ടികൾക്കാവശ്യമായ പഠനോപ കരണങ്ങൾ ലഭ്യമാക്കുന്നതിനോ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന തിനോ കഴിയാത്തത്.
2. പഠന കാര്യങ്ങളിൽ മാതാപിതാക്കളുടെ പ്രോത്സാഹനക്കുറവ് - സ്കൂളിൽ പോകുന്നതിന് സമയത്ത് ഭക്ഷണം തയ്യാറാക്കി കൊടുക്കാതിരിക്കൽ, വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കി കൊടുക്കാതിരിക്കൽ, സമയനിഷ്ഠയോടെ സ്കൂളിൽ പറഞ്ഞയക്കാതിരിക്കൽ തുടങ്ങിയവ. കൂടാതെ, സ്കൂൾ പരിപാടികളിൽ പങ്കെടുക്കുന്നതിനും കുട്ടികളുടെ പഠനം, ഹാജർ എന്നീ കാര്യങ്ങളിൽ അദ്ധ്യാപകരിൽ നിന്നും പ്രതികരണം തേടുന്നതിനും രക്ഷിതാക്കളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന താൽപര്യക്കുറവ്.
3. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും സ്വാധീനത്തിൽ കുടുംബങ്ങളിലും ഊരുകളിലും നടക്കുന്ന കലഹങ്ങൾമൂലം കുട്ടികൾക്ക് പഠിക്കാനോ ഗൃഹപാഠം, പ്രോജക്ട് മുതലായവ പൂർത്തീകരിക്കാനോ കഴിയാത്തതുകൊണ്ട് ക്ലാസ്സുകളിൽ പിൻതള്ളപ്പെട്ടുപോകുമെന്ന ഭയത്തിൽ സ്കൂളിലേയ്ക്ക് പോകാൻ കുട്ടികൾ മടി കാണിക്കുന്നത്.
4. വീടോ ഭൂമിയോ ഇല്ലാത്ത സാഹചര്യവും അങ്ങേയറ്റം ദരിദ്രപൂർണ്ണവുമായ ജീവിതവും.
5. സീസണൽ ജോലികൾക്ക് ആദിവാസി കുട്ടികൾ പോവുകയും പിന്നീട് പഠിക്കാൻ അവർക്ക് താൽപര്യമില്ലാതാകുന്നതും.
6. ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് പ്രത്യേകിച്ച് സ്കൂൾ പഠനോപാധികൾ, യൂണിഫോം എന്നിവ ലഭിക്കുന്നതിന് ഉപയോഗിക്കപ്പെടാത്തത്.
7. ആദിവാസി കുട്ടികൾ ബന്ധുവീടുകളിൽ വിരുന്നുപോവുകയും പിന്നീട് അവർ തിരിച്ച് വരാത്തതും.

8. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന ആദിവാസി കുട്ടികൾക്ക് ആരോഗ്യ പ്രശ്നമുണ്ടാവുകയും തുടർന്ന് ചികിത്സക്കായി വീട്ടിലേക്ക് പോകുകയും പിന്നീട് സ്കൂളിലേക്ക് വരാതിരിക്കുന്നതും.
9. രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലേക്ക് താൽപര്യപൂർവ്വം അയക്കുമ്പോഴും ഏതാനും കുട്ടികൾ സ്കൂളിൽ എത്താത്തത്.
10. ലഹരി ഉപയോഗം കാരണം ലക്ഷ്യബോധമില്ലാതെ പഠനം ഉപേക്ഷിക്കുന്ന കുട്ടികളുടെ മാനസികാവസ്ഥ.
11. യാത്രാ സൗകര്യക്കുറവ് മൂലവും കുട്ടികൾക്ക് തുടർച്ചയായി സ്കൂളിൽ പോകാൻ കഴിയാത്തത്.
12. വയനാട് ജില്ലക്ക് പുറത്തുനിന്നുള്ള അധ്യാപകരുടെ ആദിവാസി കുട്ടികളോടുള്ള സമീപനത്തിലെ അപാകത.
13. അധ്യാപകർക്ക് ആദിവാസികളോടുള്ള സമീപനത്തിലെ പോരായ്മ- കുട്ടികളുടെ ആശയവിനിമയക്കുറവ് കൊണ്ടും ക്ലാസ്സിൽ തുടർച്ചയായുള്ള അസാന്നിദ്ധ്യവും കൊണ്ട് ആദിവാസി കുട്ടികളെ വേണ്ടത്ര പരിഗണിക്കുകയോ ശ്രദ്ധിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാത്ത സ്ഥിതി.
14. പൊതുസമൂഹത്തിലെ കുട്ടികളിൽ നിന്നുളള കളിയാക്കലുകളും ഒറ്റപ്പെടുത്തലുകളും ആദിവാസി കുട്ടികളുടെ മാനസിക പിരിമുറുക്കത്തിനും സ്വയം പിൻമാറലിനും ഇടയാക്കുന്നത്. ഇത് സ്കൂളിലെ സൗഹാർദ്ദാന്തരീക്ഷത്തെ ബാധിക്കുന്നുണ്ട്.
15. പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നവരായ ആദിവാസി കുട്ടികൾക്ക് പ്രോത്സാഹനമോ പരിശീലനമോ പരിഗണനയോ ലഭിക്കുന്നില്ലാത്തതിനാൽ സ്കൂളിലേക്ക് പോകാൻ കുട്ടികൾ മടി കാണിക്കുന്നത്.
16. സ്കൂളിൽ ആദിവാസി കുട്ടികൾ വിവിധ പിരിവുകളും ഫീസും അടക്കേണ്ടി വരുന്നതിനാലും അവർക്ക് അതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാലും തുടർച്ചയായി ഹാജരാകാൻ കഴിയാത്തത്.
17. തങ്ങൾ പരിഷ്കൃതരല്ലെന്നും ചിന്താശേഷിയില്ലാത്തവരാണെന്നും മറ്റ് കുട്ടികളുടെ ഇടയിൽ നിലയും വിലയും കിട്ടുന്നില്ലെന്നും ആരും തങ്ങളെ പരിഗണിക്കുന്നില്ലെന്നും മറ്റ് കുട്ടികൾക്കൊപ്പം പഠനനിലവാരം ഉയർത്താൻ കഴിയുന്നില്ലെന്നുമുള്ള അപകർഷതാബോധവും മാനസിക സംഘർഷവും.
18. ഭാഷാപ്രശ്നം കുട്ടികളെ പഠനത്തിൽ നിന്നും പിന്നോക്കം നയിക്കുന്നത്.
19. ലൈംഗിക ചൂഷണങ്ങൾക്ക് ഇരകളാകുന്ന ആദിവാസി പെൺകുട്ടികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം.

## *2.3 കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ*

1. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അജ്ഞതയും താൽപര്യക്കുറവും.
2. ആദിവാസി കുട്ടികൾക്ക് ശരിയായ രീതിയിലുള്ള ഗൈഡൻസ് കിട്ടാത്തത്.
3. പ്രൈമറി ക്ലാസ്സുകളിൽ നിന്നും അക്ഷര-സംഖ്യാ പഠനങ്ങളിൽ വേണ്ടത്ര അടിത്തറ ലഭിക്കാത്തതിനാൽ മുതിർന്ന ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പാഠഭാഗങ്ങൾ ഗ്രഹിക്കുവാനോ വായിച്ച് മനസ്സിലാക്കുവാനോ കഴിയാതെ വരുന്നു. ഇങ്ങനെ ക്ലാസ്സിൽ മറ്റുള്ള കുട്ടികളേക്കാൾ

പിന്നോക്കമാവുന്നതുകൊണ്ട് പഠനത്തിൽ താൽപ്പര്യക്കുറവ് ഉണ്ടാവുകയും ക്ലാസ്സിൽ പോകതിരിക്കുകയും ചെയ്യുന്നത്.

4. ജീവിത രീതികളിലെ കൃത്യനിഷ്ഠയില്ലായ്മകൊണ്ട് സ്കൂളിലെ നിയമങ്ങളും ചട്ടങ്ങളും പാലിക്കാനുള്ള കുട്ടികളുടെ താൽപ്പര്യക്കുറവ്.
5. സാമ്പത്തിക പ്രശ്നങ്ങൾ കാരണം കുടുംബത്തിലെ ആവശ്യങ്ങൾ നിറവേറ്റാൻ ജോലിക്ക് പോകേണ്ടിവരുന്ന സാഹചര്യവും തുടർന്ന് പഠനം നിർത്തേണ്ടി വരുന്നതും.
6. ആദിവാസി കുട്ടികളുടെ കുടുംബത്തിലെ മൂത്ത കുട്ടിയെ ഇളയകുട്ടികളെ നോക്കേണ്ട ഉത്തരവാദിത്വം ഏൽപ്പിക്കപ്പെടുന്നത്.
7. ആരോഗ്യ പ്രശ്നങ്ങൾ മൂലം സ്ഥിരമായി സ്കൂളിൽ ഹാജരാകാൻ കഴിയാതെ വരുന്നത്.
8. അദ്ധ്യാപകർ മറ്റുള്ളവരുടെ മുമ്പിൽവെച്ച് അടിക്കുകയും ശകാരിക്കുകയും ചെയ്യുന്നതുകൊണ്ട് കുട്ടികളിൽ ഉണ്ടാകുന്ന താൽപ്പര്യക്കുറവ്.
9. ശൈശവ വിവാഹം മൂലം പഠനം തുടരാൻ കഴിയാത്തത്.
10. ആദിവാസി പെൺകുട്ടികളുമായി ബന്ധപ്പെട്ട ചില ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതു മൂലം ദീർഘകാലം സ്കൂളിൽ പോകാൻ സാധിക്കാത്തത്.

## *2.4 കൊഴിഞ്ഞുപോക്ക് തടയാനുള്ള കുട്ടികളുടെ നിർദ്ദേശങ്ങൾ*

ആദിവാസി ഫസിലിറ്റേറ്റർമാർ ആദിവാസി കുട്ടികളെ ഒരുമിച്ച് ചേർത്ത് കഴിയുന്നതും അവരുടെ ഭാഷയിൽ ആശയവിനിമയം നടത്തിയപ്പോൾ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. ആദിവാസി കുട്ടികളുടെ രക്ഷിതാക്കൾ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത് മെച്ചപ്പെട്ട കുടുംബാന്തരീക്ഷം ഉണ്ടാക്കണം.
2. എല്ലാ ആദിവാസി വീടുകളിലും അടിസ്ഥാന സൗകര്യങ്ങൾ (മുറികൾ, വൈദ്യുതി, വീട്ടുപകരണങ്ങൾ തുടങ്ങിയവ) ഉണ്ടെന്ന് ഉറപ്പാക്കണം.
3. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നൽകണം.
4. എല്ലാ ഊരുകളിലും പഠനവീടുകൾ ആരംഭിക്കുകയും സ്ഥിരമായി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യണം. ഇതിലൂടെ അക്ഷരാഭ്യാസമില്ലാത്ത ആദിവാസി കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നൽകാൻ സംവിധാനം.
5. അദ്ധ്യാപകർ ഊരിലെ അവസ്ഥകൾ മനസ്സിലാക്കി സൗഹാർദ്ദപരമായി പെരുമാറുകയും കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ കൊടുത്ത് ആത്മവിശ്വാസം നൽകുകയും ചെയ്യണം.
6. കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും പാഠ്യേതര വിഷയങ്ങൾക്കാവശ്യമായ സാമഗ്രികളും ആവശ്യാനുസരണം വസ്ത്രവും യൂണിഫോമും സ്കൂൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കണം.
7. സ്കൂൾ ഫീസ്, പിരിവ് എന്നിവയിൽ നിന്ന് ആദിവാസി കുട്ടികളെ പൂർണ്ണമായി ഒഴിവാക്കണം.
8. പഠനത്തിൽ പുറകോട്ട് പോകുന്ന കുട്ടികൾക്ക് പ്രത്യേക പഠന പ്രോത്സാഹന പരിപാടികൾ സ്കൂളുകളിൽ സംഘടിപ്പിക്കണം.
9. യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി കുട്ടികൾക്ക് സൈക്കിൾ ലഭ്യമാക്കണം, ഗോത്രസാരഥി പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം.
10. സൗജന്യ വിനോദയാത്രകൾ ആദിവാസി കുട്ടികൾക്കുവേണ്ടി ലഭ്യമാക്കണം.

11. ആദിവാസി കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ കൗൺസിലറുടെ സേവനം ലഭ്യമാക്കണം.
12. പാഠ്യേതര വിഷയങ്ങളിൽ (ആർട്സ് & സ്പോർട്സ്) കൂടുതൽ അവസരങ്ങൾ നൽകണം.
13. ആദിവാസി കുട്ടികളെ സ്കൂളിലെ വിവിധ പരിപാടികളുടെ നേതൃത്വനിരയിലേക്ക് കൊണ്ടുവരണം.

### 2.5 കൊഴിഞ്ഞുപോക്ക് തടയാനുള്ള അദ്ധ്യാപകരുടെ നിർദ്ദേശങ്ങൾ

1. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നൽകണം.
2. ആദിവാസി കുട്ടികളുടെ സാമൂഹിക, സാമ്പത്തിക, കുടുംബ പശ്ചാത്തലം മെച്ചപ്പെടണം.
3. ആദിവാസി കുട്ടികൾക്ക് ഇണങ്ങുന്ന പഠനരീതി ആവശ്യമായതിനാൽ ഊര് കേന്ദ്രീകരിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധയും ട്യൂഷൻ സംവിധാനവും ചിൽഡ്രൻസ് ക്ലബ്ബുകളും.
4. ഊരുകളിൽ പ്രഭാതഭക്ഷണവും, ആദിവാസി ആൺകുട്ടികൾക്ക് അങ്കൺവാടി മുഖേന പോഷകാഹാരവും.
5. ഊരുകൾ കേന്ദ്രീകരിച്ച് ആദിവാസി അമ്മമാർക്കുവേണ്ടി സ്വയംതൊഴിൽ പദ്ധതിയും കുട്ടികൾക്കുവേണ്ടി ക്രഷ് സംവിധാനവും.
6. ഗോത്രസാരഥി പദ്ധതിയുടെ കാര്യക്ഷമമായുള്ള നടത്തിപ്പിനുവേണ്ടി സമയബന്ധിതമായി ഫണ്ട് അനുവദിക്കണം.
7. അദ്ധ്യയന വർഷാരംഭത്തിൽ തന്നെ കുട്ടികൾക്ക് ആവശ്യമായ ഗ്രാന്റ് യൂണിഫോം, മറ്റ് ഡ്രസ്സുകൾ, പഠനസാമഗ്രികൾ എന്നിവയായി നൽകണം. ഈ ആനുകൂല്യങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട പണിയ, അടിയ, കാട്ടുനായ്ക്ക എന്നീ സമുദായങ്ങൾക്ക് കിട്ടുന്ന തരത്തിൽ പരിമിതപ്പെടുത്തണം.
8. കുട്ടികളെ സ്കൂളിലേക്ക് വിടാൻ വൈമനസ്യം കാണിക്കുന്ന രക്ഷിതാക്കൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കണം.
9. സ്കൂൾ കേന്ദ്രീകരിച്ച് ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനും വേണ്ടി പ്രൊമോട്ടർമാരെയോ സോഷ്യൽ വർക്കേഴ്സിനെയോ നിയമിക്കണം.
10. കൂടുതൽ എം. ആർ. എസ്. സ്കൂളുകൾ/ഓൾട്ടർനേറ്റീവ് സ്കൂളുകൾ ആരംഭിക്കണം.
11. കൂടുതൽ ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളിനോടനുബന്ധമായി ട്രൈബൽ ഹോസ്റ്റലുകൾ സ്ഥാപിച്ച് അവിടെ ട്യൂഷൻ സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യണം.
12. കുട്ടികളോട് സൗഹാർദ്ദപരമായി പെരുമാറുന്ന അദ്ധ്യാപകർക്ക് വാഹന സൗകര്യം നൽകി വാർഡ് അടിസ്ഥാനത്തിൽ ഊരുകളിൽപോയി കുട്ടികളെപ്പറ്റി അന്വേഷിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
13. കുട്ടികളെ എല്ലാവരേയും വിജയിപ്പിക്കുന്ന രീതി മാറ്റി ഹാജർ, പഠനനിലവാരം എന്നിവ അടിസ്ഥാനമാക്കിയുള്ള സ്ഥാനക്കയറ്റം നൽകണം. പ്രൈമറി ക്ലാസ്സുകളിൽ അക്ഷര-സംഖ്യാ പഠനം ഫലപ്രദമായി നടക്കുന്നവെന്ന് ഉറപ്പാക്കണം. ആദിവാസി ഭാഷക്ക് കൂടുതൽ പ്രാധാന്യം നൽകണം.
14. ആദിവാസി കുട്ടികൾക്ക് മാത്രമായി ജില്ലാതലത്തിൽ സ്പോർട്സ് സ്കൂളുകൾ, ആർട്സ് സ്കൂളുകൾ, കരിയർ ഗൈഡൻസ്.
15. ആദിവാസി കുട്ടികൾക്ക് സ്കൂളുകളിൽ തൊഴിൽ പരിശീലനം നൽകണം.

16. എസ്. എസ്. എൽ. സി. കഴിഞ്ഞ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിലിൽ എത്തിക്കാൻ നടപടിയെടുക്കണം.
17. ആദിവാസി കലകളും സംസ്കാരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കണം.
18. കളക്ടറുടെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സിന്റെ സേവനം ലഭ്യമാക്കണം.
19. ആദിവാസികൾക്കുവേണ്ടി വിവിധ പദ്ധതികളും ആനുകൂല്യങ്ങളും നൽകുന്ന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്.





# അദ്ധ്യായം – 3
# വിഷയത്തെ സംബന്ധിച്ച പുനരവലോകനം

## 3.1 ആദിവാസികൾ

ഇന്ത്യയിലെ വ്യത്യസ്തങ്ങളായ പ്രാചീന ഗോത്രവിഭാഗങ്ങളെ പൊതുവിൽ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് *ആദിവാസികൾ* എന്നത്.[2] *ആദിവാസി* എന്ന സംസ്കൃത പദം *ആദി* (ആദ്യത്തേത് അല്ലെങ്കിൽ ആരംഭത്തിലുള്ളത്), *വാസി* (വസിക്കുന്നവർ) എന്നീ രണ്ട് വാക്കുകൾ ചേർന്നുണ്ടായതാണ്. *ആദിവാസി* എന്നാൽ ആദ്യം വസിച്ചവർ എന്നാണർത്ഥം. 1920-കളോടെയാണ് തെക്കേ ഏഷ്യൻ രാജ്യങ്ങളിൽ *ആദിവാസി* എന്ന പദം ക്രമേണ അംഗീകരിക്കപ്പെട്ടത്. ഇന്ത്യയിലെ സവർണ്ണ ഹൈന്ദവ സമൂഹങ്ങൾക്ക് ആദിവാസികളെ *വനവാസി* (വനത്തിൽ ജീവിക്കുന്നവർ) എന്നു വിളിക്കാനാണ് താൽപര്യം. *ട്രൈബൽ* എന്ന പദം ബ്രിട്ടീഷുകാരാണ് ഉപയോഗിച്ച് തുടങ്ങിയത്. ഇന്ത്യൻ നിയമ സംഗ്രഹങ്ങളിൽ ആദിവാസികൾ *പട്ടികവർഗ്ഗക്കാർ* എന്നാണ് അറിയപ്പെടുന്നത്. ഭരണഘടനയിലെ 342-ാം വകുപ്പ് പ്രകാരം പ്രസിഡന്റ് പ്രഖ്യാപിച്ചിട്ടുള്ള സമുദായങ്ങളാണ് പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റിലുള്ളവ. ഭരണഘടനയിലെ 5, 6 പട്ടികകളിൽ പരാമർശിക്കുന്ന ഗോത്രങ്ങളിൽപ്പെട്ടവരാണ് അവർ.[3] ഇന്ത്യയിൽ ഏതാണ്ട് 573 വ്യത്യസ്ത ആദിവാസി സമുദായങ്ങളുള്ളതിൽ 39 സമുദായങ്ങൾ കേരളത്തിലാണ്.

പൊതുസമൂഹത്തിൽ നിന്നും ഏറെ അകന്നും ഒറ്റപ്പെട്ടും കഴിയുന്നവരും തനതായ സംസ്കാര പൈതൃകമുള്ളവരുമായ 75 പ്രാക്തനാ ഗോത്രവിഭാഗങ്ങൾ (*Particularly Vulnerable Tribal Groups-PVTGs*) ഇന്ത്യയിലുണ്ട്. കേരളത്തിൽ ഈ വിഭാഗത്തിൽപ്പെടുന്നവ കാട്ടുനായ്ക്ക, ചോലനായ്ക്ക, കുറുമ്പ, കാടർ, കൊറഗ സമുദായങ്ങളാണ്.

2011-ലെ സെൻസസ് അനുസരിച്ച് 10.43 കോടി (8.6%) യാണ് ഇന്ത്യയിലെ മൊത്തം ആദിവാസി ജനസംഖ്യ. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ആദിവാസികളുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ മൊത്തം ആദിവാസികളുടെ എണ്ണം 4,84,839 ആണ്. ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 1.5 ശതമാനമാണ്.[4] വയനാട്ടിലെ മൊത്തം ആദിവാസികളുടെ എണ്ണം 1,51,443 ആണ്.[5] ഇത് വയനാട്ടിലെ മൊത്തം ജനസംഖ്യയുടെ 18.5 ശതമാനമാണ്. ഇവരിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന പണിയ, അടിയ, കാട്ടുനായ്ക്ക സമുദായങ്ങളിലെ കുട്ടികളെയാണ് പഠനത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിന്റെ ചരിത്രമെടുത്താൽ അവഗണനയുടെയും അപമാനത്തിന്റെയും നിഷ്ഠൂരമായ ചൂഷണങ്ങളുടെയും ചരിത്രമാണ് ആദിവാസികൾക്ക് പറയാനുള്ളത്. ആദിവാസികൾക്ക് അനുകൂലമായ സാമൂഹിക സുരക്ഷാ, ഭക്ഷ്യസുരക്ഷാ, വികസന പദ്ധതികൾ പലപ്പോഴും അട്ടിമറിക്കപ്പെടുന്നു. വലിയൊരു ശതമാനം ആദിവാസികളും ഗ്രാമങ്ങളിലും വനാന്തരങ്ങളിലും ജീവിക്കുന്നവരാകയാൽ അവർ

---

2 https://en.wikipedia.org/wiki/Adivasi#cite_note-loksabha1995-1

3 Jha and Jhingran 2002

4 Demographic Status of Schedule Tribe Population of India. http://tribal.nic.in/WriteReadData/userfiles/file/Demographic.pdf

5 District wise Schedule Tribe Population – Census 2011: Table-A-11 (Appendix)

കരാർ കൃഷിക്കാരുടെയും ജന്മി വർഗ്ഗത്തിന്റെയും കിരാതമായ ചൂഷണങ്ങൾക്ക് വിധേയരാകുന്നു. ആദിവാസികളിൽ വലിയൊരു ഭാഗവും അസംഘടിത തൊഴിൽ മേഖലകളെ ആശ്രയിച്ച് ജീവിക്കുന്നവരാണ്.[6]

വയനാട്ടിലെ ആദിവാസികളിൽ ഏറ്റവും കൂടുതൽ പണിയ സമുദായത്തിൽപ്പെട്ടവരാണ്. പണിയരെപ്പോലെ പിന്നോക്കം നിൽക്കുന്നവരാണ് കാട്ടുനായ്ക്കരും അടിയരും. ഇവരിൽ വളരെക്കുറച്ചു പേർക്ക് മാത്രമേ സ്വന്തമായി ഭൂമിയോ കൃഷിയിടങ്ങളോ ഉള്ളൂ. ജന്മിമാരുടെയും മുതലാളികളുടെയും കൃഷിയിടങ്ങളിലെ തൊഴിൽ ചെയ്താണ് ഭൂരിഭാഗം ജനങ്ങളും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. ദിവസ തൊഴിലിനെ ആശ്രയിച്ച് കഴിയുന്ന ഇവരെ കുറഞ്ഞ വേതനത്തിൽ കൂടുതൽ സമയം തൊഴിലെടുക്കാൻ മുതലാളികൾ നിർബന്ധിക്കാറുണ്ട്. അന്തിയുറങ്ങാൻ വാസയോഗ്യമായ ഭവനം വലിയൊരു ശതമാനം ആദിവാസികൾക്കുമില്ല. ആദിവാസികളുടെ അറിവില്ലായ്മയുടെ മറവിൽ കരാറുകാർ ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന പണം അട്ടിമറിക്കുകയും ആദിവാസികളെ വഞ്ചിക്കുകയും ചെയ്യുന്നത് പതിവാണ്. ഇത് സംബന്ധിച്ച് വിവരാന്വേഷണം നടത്താനോ ആവശ്യാസനുസരണം പരാതി നൽകാനോ നിരക്ഷരരായ ആദിവാസികൾക്ക് കഴിയാറില്ല.

പട്ടികവർഗ്ഗക്കാരാണ് ഭാരതത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളത്. സാമൂഹികവും സാംസ്ക്കാരികവും മനശാസ്ത്രപരവുമായ ഒട്ടേറെ പ്രതിബന്ധങ്ങൾ ആദിവാസി വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്നുണ്ട്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആദിവാസികളോടും ദളിതരോടുമുള്ള വിവേചനം നൂറ്റാണ്ടുകൾ പഴക്കമുള്ളതും ഇന്ത്യയിലൊട്ടാകെ വ്യാപിച്ചിട്ടുള്ളതുമാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക പുരോഗതിയെ സ്വാധീനിക്കുന്ന ഒരു മുഖ്യ ഘടകമാണ്. ആദിവാസി സമൂഹത്തിന്റെ ഭാവി അവരുടെ വിദ്യാഭ്യാസത്തിലെ നിലയനുസരിച്ചായിരിക്കും. വിദ്യാഭ്യാസം നേടിയവർക്ക് സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും സാധ്യതകളും സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

### 3.2 വിദ്യാഭ്യാസം ഉറപ്പുനൽകുന്ന ഭരണഘടനയും വിദ്യാഭ്യാസ അവകാശ നിയമവും (*R.T.E*)

2002-ലെ എൻപത്തിയാറാമത് ഭേദഗതി പ്രകാരം ഭരണഘടനയിൽ കൂട്ടിച്ചേർത്ത 21എ വകുപ്പനുസരിച്ച് ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുകയെന്നത് മൗലീക അവകാശമാണ്. പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിനും പൂർണ്ണമാക്കുന്നതിനും യാതൊരുവിധ ഫീസോ മറ്റ് ചിലവുകളോ നൽകേണ്ടതില്ല എന്നാണ് സൗജന്യ വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നുവെന്നും പ്രാഥമിക പഠനം പൂർത്തിയാക്കുന്നുവെന്നും ഉറപ്പുവരുത്താനുള്ള നിയമബാദ്ധ്യത സർക്കാരിലും തദ്ദേശ ഭരണാധികാരികളിലും നിക്ഷിപ്തമാണെന്നാണ് നിർബന്ധിത വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

മേൽ പ്രതിപാദിച്ചിരിക്കുന്ന അവകാശങ്ങൾ ഉറപ്പുനൽകുന്നതാണ് വിദ്യാഭ്യാസ അവകാശ നിയമവും. സ്കൂൾ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് അവരുടെ വയസ്സിനനുയോജ്യമായ ക്ലാസ്സുകളിൽ പഠിക്കാനും ഓരോ സ്കൂളിലെയും കുട്ടികളുടെ അനുപാതത്തിനനുസരിച്ച് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാനും ഭരണഘടന മുറുകെ പിടിക്കുന്ന മൂല്യങ്ങളിലധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവും കുട്ടികളെ കേന്ദ്രീകരിച്ചുള്ളതുമായ പഠനം സാധ്യമാക്കാനും ഈ നിയമം നിർദ്ദേശിക്കുന്നു.[7]

---

6 *"Aaraanu Bhoomiyude Avakaasikal"*, Madhyamam Weekly, P.P. Sathyan (http://www.madhyamam.com/weekly/2953)

7 http://www.mhrd.gov.in/rte

ഈ നിയമത്തിന്റെ ഭാഗമായി കേരളം 2010ൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരു കിലോമീറ്ററിനുള്ളിലും ആറ് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് മൂന്ന് കിലോമീറ്ററിനുള്ളിലും സ്കൂളുകൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ആദിവാസികൾ അധിവസിക്കുന്ന ഭൂപ്രദേശങ്ങളിൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ദൂരത്തിനുള്ളിൽ സ്കൂൾ കണ്ടെത്തുക പലപ്പോഴും പ്രയാസമാണ്. ഇത്തരം സാഹചര്യങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് ഗോത്രസാരഥി പദ്ധതി പോലുള്ള സൗജന്യ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.[8]

അഞ്ചാം പഞ്ചവത്സര പദ്ധതി മുതൽ ട്രൈബൽ സബ് പ്ലാനിൽ (*TSP*) പ്രാഥമിക വിദ്യാഭ്യാസത്തിന് മുൻഗണന നൽകിവരുന്നുണ്ട്. ഭരണഘടന അനുശാസിക്കുന്നതുകൊണ്ട് മാത്രമല്ല ആദിവാസി സമുദായങ്ങളുടെ സമഗ്ര വികസനത്തിന് നിർണ്ണായകമായ നിക്ഷേപമായതുകൊണ്ട് കൂടി ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം പ്രാധാന്യമുള്ളതായി കണക്കാക്കപ്പെടുന്നു.[9] പതിനൊന്നാം പഞ്ചവത്സര പദ്ധതി സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം 50 ശതമാനത്തിൽ നിന്ന് 20 ശതമാനത്തിലേക്ക് കുറയ്ക്കാൻ ലക്ഷ്യമിട്ടിരുന്നു.[10]

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ലക്ഷ്യങ്ങളാണുള്ളത്: 1) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണപരവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക; 2) സ്കൂളുകളിലെ ഹാജർ നില മെച്ചപ്പെടുത്തി പ്രാഥമിക തലത്തിൽ കൊഴിഞ്ഞുപോക്ക് പത്ത് ശതമാനത്തിൽ താഴെയും സ്കൂൾ പഠനം നിർത്തിയ കുട്ടികളുടെ എണ്ണം രണ്ട് ശതമാനത്തിൽ താഴെയും എത്തിക്കുക; 3) സെക്കന്ററി തലത്തിൽ തൊണ്ണൂറ് ശതമാനവും ഹയർസെക്കന്ററി തലത്തിൽ അറുപത്തിയഞ്ച് ശതമാനവും കുട്ടികൾക്ക് പ്രവേശനം നൽകുക; 4) രാജ്യത്തെ മൊത്തം സാക്ഷരതാ നിരക്ക് എൻപത് ശതമാനത്തിന് മുകളിലും സാക്ഷരതയിലെ ലിംഗ വ്യത്യാസം പത്ത് ശതമാനത്തിൽ താഴെയും എത്തിക്കുക; 5) എല്ലാ കുട്ടികൾക്കും പ്രത്യേകിച്ച് പിന്നോക്ക മേഖലയിലെ കുട്ടികൾക്ക് ഒരു വർഷത്തേക്കെങ്കിലും പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുക; 6) എല്ലാ കുട്ടികളെയും രണ്ടാം ക്ലാസ്സ് പൂർത്തിയാക്കുമ്പോഴേക്കും അടിസ്ഥാന അക്ഷര-സംഖ്യാ പഠനത്തിലും അഞ്ചാം ക്ലാസ്സ് പൂർത്തിയാക്കുമ്പോഴേക്കും വിമർശനാത്മക ചിന്ത, ആശയ വിനിമയം, പ്രശ്ന പരിഹാരം എന്നിവയിലും കഴിവുള്ളവരാക്കി വളർത്തിയെടുക്കുക.

സർവ്വ ശിക്ഷാ അഭിയാൻ (*SSA*) എന്ന ദേശിയ പദ്ധതി ലക്ഷ്യംവെക്കുന്ന സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസ (*Universal Elementary Education*) പരിപാടിയിലും ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. സർവ്വ ശിക്ഷാ അഭിയാന്റെ ഇടപെടലുകളിൽ ആദിവാസി മേഖലകളിൽ സ്കൂൾ പ്രവേശനം നേടാത്തവർക്കും കൊഴിഞ്ഞുപോയവർക്കുമായി വിദ്യാലയങ്ങൾ ആരംഭിക്കൽ, ആദിവാസി കുട്ടികൾക്കായി പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആരംഭത്തിൽ അവരുടെ മാതൃഭാഷയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കൽ, പ്രാദേശികമായി പ്രസക്തിയുള്ള പഠന രീതികളും മാർഗ്ഗങ്ങളും ഉപ

---

[8] http://www.thealternative.in/society/one-teacher-tribal-schools-alternative-education-closing-rte/

[9] Tribal Development Plan, (https://www.google.co.in/?gfe_rd=cr&ei=NNJ_Vd-qJOPI8AeWiL64CQ&gws_rd=ssl#q=Elementary+Education+and+Tribal+Sub+plan)

[10] Education for All towards quality with equity India by National University of Educational Planning and Administration, New Delhi, http://dise.in/Downloads/education-foe-all-in-india-2014-review.pdf

യോഗിച്ചുകൊണ്ട് പാഠ്യപദ്ധതി ക്രമീകരിക്കൽ, ആദിവാസികളല്ലാത്ത അദ്ധ്യാപകർക്ക് ആദിവാസി ഭാഷ യുൾപ്പടെയുളള കാര്യങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ, ആദിവാസി അദ്ധ്യാപകരെ പരിശീലിപ്പി ക്കൽ, ആദിവാസി മേഖലകളിൽ സ്കൂളുകളോടനുബന്ധിച്ച് ബാലവാടികൾ, ക്രഷുകൾ എന്നിവ ആരം ഭിച്ച് കുഞ്ഞുങ്ങളെ നോക്കാനുളള ഉത്തരവാദിത്വത്തിൽ നിന്നും പെൺകുട്ടികളെ മോചിപ്പിക്കൽ, അദ്ധ്യാ പക-രക്ഷാകർതൃ സമിതികളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളിലും ആദിവാസി പ്രാതിനിധ്യം വർദ്ധിപ്പിക്കൽ എന്നീ കാര്യങ്ങൾക്ക് പ്രത്യേകം പ്രധാന്യം നൽകേണ്ടതാണ്.[11]

### 3.3 ഐക്യരാഷ്ട്ര സംഘടനാ പ്രഖ്യാപനവും ദേശീയ ആദിവാസി നയവും

തദ്ദേശ ജനതകളുടെ (ആദിവാസികൾ) വിദ്യാഭ്യാസപരമായ അവകാശങ്ങളെക്കുറിച്ചുളള ഐക്യ രാഷ്ട്ര സംഘടനാ പ്രഖ്യാപനവും ദേശീയ ആദിവാസി നയവും ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം എങ്ങനെയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്: പ്രഖ്യാപനത്തിലെ പതിനാലാം വകുപ്പിൽ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും എടുക്കേണ്ട നടപടികൾ എന്തായിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ആദിവാസികൾക്ക് തങ്ങളുടെ സംസ്കാരത്തിലും ബോധനരീ തിയിലും ഊന്നി മാതൃഭാഷയിൽ വിദ്യാഭ്യാസം നേടുന്നതിന് അനുയോജ്യമായ സംവിധാനങ്ങളും സ്ഥാപന ങ്ങളും തുടങ്ങുവാനും അവ നിയന്ത്രിക്കുവാനും ഉള്ള അവകാശം ഉണ്ട് (14.1). നമ്മുടെ രാജ്യത്ത് ലഭ്യ മായ എല്ലാ തരത്തിലും തലത്തിലും ഉള്ള വിദ്യാഭ്യാസ പരിശീലനങ്ങൾ വിവേചനരഹിതമായി നേടുവാൻ ആദിവാസി ജനതക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് അവകാശം ഉണ്ട് (14:2). സ്വന്തമായ ഭാഷയിലും സംസ്കാ രത്തിലും ഊന്നിയ വിദ്യാഭ്യാസ പരിപാടി ആദിവാസികൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് (പുറത്തുകഴിയുന്ന വർക്ക് ഉൾപ്പെടെ) ലഭ്യമാക്കുവാൻ രാഷ്ട്രം ആദിവാസികളോട് ചേർന്ന് കാര്യക്ഷമമായ നടപടികൾ എടു ത്തിരിക്കണം (14.3).

ദേശീയ ആദിവാസി നയത്തിൽ ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടു ത്താൻ സംസ്ഥാന, ജില്ലാ തലങ്ങളിൽ പ്രത്യേക നടപടികൾ എടുക്കണമെന്നും അദ്ധ്യാപകർ പഠിപ്പി ക്കുന്ന പാഠങ്ങൾ ശരിക്കും മനസ്സിലാക്കി ഉൾക്കൊള്ളാൻ ആദിവാസി കുട്ടികളെ അവരുടെ ഭാഷയിൽ പഠിപ്പിക്കണമെന്നും ഈ ബോധനരീതി കുറഞ്ഞപക്ഷം ഒന്നാം ക്ലാസ്സ് മുതൽ മൂന്നാം ക്ലാസ്സുവരെയെ ങ്കിലും നടപ്പിലാക്കണമെന്നും ഇത്തരം പഠനരീതി പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ നടപ്പിലാക്കിയിരിക്കണമെന്നും അനുശാസിക്കുന്നു.

ഇത്രയും നിയമ സംവിധാനങ്ങളും നയങ്ങളും ഉണ്ടായിട്ടും നാളിതുവരെയുളള പഠനങ്ങൾ തെളി യിക്കുന്നത് വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പുനൽകുന്ന സാർവ്വത്രിക സൗജന്യ നിർബന്ധിത വിദ്യാ ഭ്യാസം ആദിവാസി കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരുപാട് അകലെയാണ് എന്നാണ്. ആദിവാസി വിദ്യാർത്ഥികളുടെ ജീവിത സാഹചര്യങ്ങൾ പൊതുസമൂഹത്തിലുള്ള വിദ്യാർത്ഥികളുടേതിൽ നിന്ന് തികച്ചും വ്യത്യസ്തവും സങ്കീർണ്ണവുമാണ്. ആദിവാസി കുട്ടികൾ സമൂഹത്തിലും സ്കൂളിലും ഊരിലും കുടുംബത്തിലും ഒട്ടനവധി പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുന്നുണ്ട്.[12]

---

11 http://www.thealternative.in/society/one-teacher-tribal-schools-alternative-education-closing-rte/

12 *'Nayam'*, District Panchayat, Wayanad, Published by Diet Wayanad, Sulthan Bathery.

### 3.4 ആദിവാസി ഭാഷയും വിദ്യാഭ്യാസവും

ഇന്ത്യയുടെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന 573-ഓളം സമുദായങ്ങളിൽപ്പെട്ട ആദിവാസികൾക്ക് അധിവസിക്കുന്ന സ്ഥലത്തെ പൊതുസമൂഹത്തിന്റെ സംസാര ഭാഷയിൽ നിന്നും വ്യത്യസ്തമായ തനത് ഭാഷകളുണ്ട്. ഇന്ത്യയിൽ 270-ൽ കൂടുതൽ ഇത്തരം ഭാഷകൾ ഉണ്ട്.[13] സ്വന്തമായി ലിപി ഇല്ലെങ്കിലും ഈ ഭാഷകൾക്കെല്ലാം സ്വതന്ത്രമായ അസ്ഥിത്വമുണ്ട്; സ്വന്തം കഥകളും പാട്ടുകളും പഴഞ്ചൊല്ലുകളും നാടകങ്ങളുമുണ്ട്; കൃത്യമായ വ്യാകരണ നിയമങ്ങളുമുണ്ട്.

തന്റേതല്ലാത്ത ഭാഷയിൽ അച്ചടിച്ച പാഠപുസ്തകത്തിലേക്കും തന്റേതല്ലാത്ത ഭാഷ സംസാരിക്കുന്ന അധ്യാപരുടെ നേർക്കും നോക്കാനാവാതെ ഈ കുട്ടികൾ ക്ലാസ്സ് മുറിയിലും സ്കൂളിലും മൗനത്തിലേക്ക് മടങ്ങുന്നു. സ്വന്തം സംഘത്തിനിടയ്ക്ക് മാത്രം ക്രിയാത്മകതയുള്ളവരും വാചാലരുമാകുന്നു. പ്രകൃതിയുടെ താളങ്ങൾ നന്നായി അറിയാമെന്നതുകൊണ്ടുതന്നെ അതിജീവനത്തിന്റെ പാഠങ്ങൾ കൃത്യമായി ഉൾക്കൊള്ളാനും ഈ കുട്ടികൾക്കാകും. എന്നിട്ടും ജീവിതത്തിൽ ഇവർ പരാജയപ്പെടുന്നു.

ആദിവാസികളിൽ ഏതു വിഭാഗത്തിൽപ്പെട്ട കുട്ടിയായാലും ജാതിയുടെ കോളത്തിൽ ഹിന്ദു എന്നെഴുതിച്ചേർക്കുന്നതും മാതൃഭാഷയുടെ കോളത്തിൽ മലയാളം എന്നെഴുതുന്നതും വർഷങ്ങളായുള്ള കീഴ്വഴക്കമെന്നമട്ടിൽ നിസ്സാരവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. ജാതിയെന്തെന്ന് ചോദിച്ചാൽ *ആദിവാസി* എന്നേ ഇവർ പറയൂ. വീണ്ടും ചോദിച്ചാൽ *ഇരുള* യെന്നോ *മുഡുഗ* യെന്നോ *കുറുമ്പ* യെന്നോ കൂട്ടിച്ചേർക്കും. എന്നാൽ അതിനുമുമ്പിൽ ഹിന്ദു ചേർക്കണമെന്ന് തീരുമാനിക്കുന്നത് സ്കൂൾ അധികൃതർ തന്നെ! ഭാഷയേതെന്നു ചോദിച്ചാൽ *ഇരുളാനത്ത്നായ മുഡുഗനായ കുറുമ്പനായ* എന്ന് ഇവർ പറഞ്ഞാലും ദാക്ഷിണ്യലേശമില്ലാതെ മലയാളം എന്ന് രേഖപ്പെടുത്തിപ്പോരുന്നു! പലപ്പോഴും ഈ കുട്ടികൾക്ക് പേരുകൾ നിർദേശിക്കുന്നതും സ്കൂൾ അധികൃതർതന്നെ.[14]

ഗോത്രജനതയുടെ സംസാര ഭാഷയും വിദ്യാലയങ്ങളിൽ അവരുടെ പഠനഭാഷയും തമ്മിൽ ഏറെ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിനായി വിദ്യാലയത്തിൽ പ്രവേശനം നേടുന്ന ആദിവാസി കുട്ടികൾക്ക് അവരുടെ സ്വന്തമായ ഭാഷ ഉപയോഗിക്കാനോ വളർത്താനോ അവസരം ലഭിക്കുന്നില്ല. ഗണ്യമായി വർദ്ധിച്ചുവരുന്ന ഗവേഷണങ്ങൾ പലതും വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടങ്ങളിൽ കുട്ടികളെ അവരുടെ മാതൃഭാഷയിലോ വീട്ടിലെ സംസാര ഭാഷയിലോ പഠിപ്പിക്കണമെന്ന് ശക്തമായി വാദിക്കുന്നുണ്ട്. ഇതിന് ആദിവാസി കുട്ടികളുടെ പഠനത്തിൽ വളരെ വലിയ പ്രാധാന്യമുണ്ട്, കാരണം അവരുടെ മാതൃഭാഷ നിലവിലുള്ള സംസാര ഭാഷകളെയും മുഖ്യ ഭാഷകളെയും അപേക്ഷിച്ച് വളരെ വ്യത്യസ്തമാണ്. ആദിവാസി ഭാഷയിൽ സംസാരിക്കാൻ കഴിയാത്ത അദ്ധ്യാപകരുള്ള സ്കൂളുകളിലെല്ലാം ആദിവാസി കുട്ടികൾ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഭാഷയുടെ കാര്യത്തിൽ ആദിവാസി സമുദായത്തിൽ നിന്നുള്ള അദ്ധ്യാപകരുള്ളതാണ് ഉചിതം.[15]

പാടത്തും പറമ്പിലും ഓടി നടക്കുകയും തോട്ടിൽ മീനുകളെയും ഞണ്ടുകളെയും പിടിക്കുകയും നാനാതരം കളികളിലേർപ്പെട്ട് സ്വതന്ത്രരായി വിഹരിക്കുകയും ചെയ്യുന്ന കുട്ടികൾ ക്ലാസ്സ് മുറിയിലെ നിയന്ത്രിതവും തങ്ങളുടെ ഇതുവരെയുള്ള ജീവിതത്തിൽ നിന്നും തികച്ചും വ്യത്യസ്തവുമായ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ കഴിയാതെ നിശബ്ദരാകുന്നു. പൊതുവിഭാഗത്തിലെ കുട്ടികളെ അപേക്ഷിച്ച് പ്രീ-പ്രൈമറി സ്കൂളുകളിൽ പോകാതെയും അക്ഷര-സംഖ്യയിലുള്ള അടിത്തറ ലഭി

[13] India Education Report, 2002.

[14] "*Ee Kazhcha Oru Bhashayude Kazhchayanu*", Mathrubhumi Weekly, 7 June 2015, page 50.

[15] Jha & Jhingran, 2002.

ക്കാതെയും സ്കൂളിലെത്തുന്ന ആദിവാസി കുട്ടികൾക്ക് തങ്ങളിൽനിന്നും തീർത്തും അകന്നു നിൽക്കുന്ന ഇടമായി സ്കൂൾ അനുഭവപ്പെടുന്നു.[16]

ആദിവാസി വിദ്യാർത്ഥികൾക്ക് ഔപചാരിക വിദ്യാഭ്യാസം അരോചകമായി മാറുന്ന ഈ അവസ്ഥയിൽ ഭാഷാ പ്രയോഗത്തിലെ ഈ വിടവ് പരിഹരിക്കാൻ കഴിഞ്ഞാൽ ഗോത്രവിഭാഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനും ഒരു പരിധിവരെ സാധിക്കും.

### 3.5 അദ്ധ്യാപകരുടെ ഇടപെടലുകൾ

ഇന്ത്യാ ഗവൺമെന്റും അഞ്ച് യുണൈറ്റഡ് നേഷൻസ് ഏജൻസികളും (*UNDP, UNICEF, UNESCO, ILO & UNFPA*) നടത്തുന്ന സംയോജിത പരിപാടിയാണ് ജൻശാല. ഇന്ത്യയിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസവും പഠിപ്പിക്കാൻ ഉപയോഗിക്കുന്ന ഭാഷയും സംബന്ധിച്ച് ജൻശാല നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നത് മിക്കവാറും സ്കൂളുകളിലും പഠിപ്പിക്കാൻ ഉപയോഗിക്കുന്നത് പ്രാദേശിക ഭാഷയാണെന്നും വലിയൊരു ശതമാനം കുട്ടികൾക്കും പ്രാദേശിക ഭാഷയിലുള്ള പാഠപുസ്തകങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ലെന്നുമാണ്. ആദിവാസി കുട്ടികളുള്ള സ്കൂളുകളിൽ നിയോഗിക്കപ്പെടുന്ന ആദിവാസികളല്ലാത്ത അദ്ധ്യാപകരും മറ്റൊരു പ്രശ്നമായി നിലനിൽക്കുന്നു. അവർക്ക് കുട്ടികളുടെ ഭാഷയും കുട്ടികൾക്ക് അദ്ധ്യാപകന്റെ അല്ലെങ്കിൽ അദ്ധ്യാപികയുടെ ഭാഷയും മനസ്സിലാകാറില്ല.[17]

നല്ല പഠനത്തിന് വിദ്യാലയങ്ങളും ക്ലാസ്സ് മുറികളും ശിശു- സൗഹൃദ പൂർണ്ണമായിരിക്കണമെന്നത് പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. ക്ലാസ്സ് മുറികളിൽ ഗോത്രവിഭാഗം വിദ്യാർത്ഥികൾ തികച്ചും അന്യമായ ഭാഷയിൽ പഠനം നടത്താൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങളിൽ ഗോത്രഭാഷ പരിചയപ്പെടുത്തേണ്ടതും അദ്ധ്യാപകർ ഗോത്രഭാഷാ പരിചയം സിദ്ധിക്കേണ്ടുതുമുണ്ട്. കുട്ടിയുടെ ഭാഷ അദ്ധ്യാപികയ്ക്ക് അല്ലെങ്കിൽ അദ്ധ്യാപകന് പരിചിതമാണെന്ന് കുട്ടിക്ക് ബോധ്യപ്പെടുന്ന രീതിയിൽ സംവദിക്കാൻ കഴിയണം, കുട്ടിയെ അറിയണം; കഥകളും പാട്ടുകളും അവന്റെ ഭാഷയിൽ ആയിരിക്കണം. സ്കൂളിലെത്തുന്ന കുട്ടികളെ ആകർഷിക്കുന്നതാണ് അദ്ധ്യാപകരും അദ്ധ്യാപനവുമെങ്കിൽ കുട്ടികൾക്ക് സ്കൂളിൽ പോവുകയെന്നത് സന്തോഷകരമായിരിക്കും.

ആദിവാസി വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുവാനുള്ള സന്മനസ്സ് അദ്ധ്യാപകരിൽ ഉണ്ടാകേണ്ടതുണ്ട്. ആദിവാസി വിദ്യാർത്ഥികളെക്കുറിച്ച് മോശപ്പെട്ട രീതിയിലുള്ള മുൻധാരണകൾവെച്ച് പുലർത്തുന്നതും അവഗണനയോടെ സമീപിക്കുന്ന രീതിയും തീർത്തും അവസാനിപ്പിക്കേണ്ടതാണ്. *റെമെഡിയൽ ടീച്ചിങ്ങ്* ന്റെ പേരിൽ ആദിവാസി വിദ്യാർത്ഥികളെ വേറെ ക്ലാസ്സിലാക്കുക, ഇംഗ്ലീഷ് മീഡിയം വേറെയാക്കി ആദിവാസി വിദ്യാർത്ഥികളെ ചേർത്ത് മലയാളം മീഡിയം ട്രൈബൽ ഡിവിഷനാക്കുക, സ്കൂളിന്റെ പഠനനിലവാരം കുറഞ്ഞതിന് കാരണം ആദിവാസി വിദ്യാർത്ഥികളാണെന്ന് കുറ്റപ്പെടുത്തുക, വിജയ ശതമാനം നഷ്ടപ്പെടുമെന്നോർത്ത് ആദിവാസി വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കാതിരിക്കുക തുടങ്ങിയ ആദിവാസി വിരുദ്ധവും മനുഷ്യത്വ വിരുദ്ധവുമായ നടപടികൾ സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകാറുണ്ട്. ഇത്തരം വിഭാഗീയവും വംശീയവുമായ മുൻവിധി പുരോഗമനം ആഗ്രഹിക്കുന്ന വിദ്യാഭ്യാസ പ്രവർത്തകർ തീർത്തും ഉപേക്ഷിക്കേണ്ടതുണ്ട്.[18]

ജാതിയുടേയും നിറത്തിന്റെയും സംസ്കാരത്തിന്റെയും പേരിലുള്ള വിവേചനത്തിന്റെ വിഷവിത്തുകൾ കുട്ടികളുടെ നിഷ്കളങ്കമായ മനസ്സിൽ വിതക്കരുതെന്ന് പൊതുസമൂഹത്തിലെ രക്ഷകർത്താ

---

[16] 'Nayam', District Panchayath, Wayanad, Published by Diet Wayanad, Sulthan Bathery.

[17] Education of tribal children in india and the issue of medium of instruction: A Janshala experience – Vinoba Goutham Co-ordinator, UN/Govt. Janshala Programme, Delhi, India.

[18] 'Nayam', District Panchayath, Wayanad, Published by Diet Wayanad, Sulthan Bathery.

ക്കളെ ബോധ്യപ്പെടുത്തേണ്ട ധാർമ്മികമായ ഉത്തരവാദിത്വം അദ്ധ്യാപകർക്കുണ്ട്. കേരളത്തിലെ ആദി വാസി കുട്ടികളുടെ വിദ്യാഭ്യാസവും കൊഴിഞ്ഞുപോക്കും സംബന്ധിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയിടയിൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത് ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർ ഒട്ടുംതന്നെ ശ്രമം നടത്താറില്ലെന്നാണ്. ആശയവിനിമയത്തിലെ കുറവ്, കാരണമില്ലാതെ ഹാജരാകാത്ത കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവ്, മോശമായ റിസൾട്ട്, ക്ലാസ്സിലെ ശ്രദ്ധയില്ലായ്മ തുടങ്ങിയവയാണ് ആദിവാസി കുട്ടികളോടുള്ള അദ്ധ്യാപകരുടെ പെരുമാറ്റത്തിലെ അപാകതയ്ക്ക് മുഖ്യകാരണമായിട്ടുള്ള ഘടകങ്ങൾ.[19]

### 3.6 ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ സന്ദർഭത്തിൽ ആന്ധ്രപ്രദേശിലും ഒഡീഷയിലുമുള്ള ആദിവാസി കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടിൽ പറയുന്നത് സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ആദിവാസി കുട്ടികളുടെയിടയിൽ വളരെ കൂടുതലാണെന്നും ഇന്ത്യയിലെ മൊത്തം സംസ്ഥാനങ്ങളിലുള്ള പ്രൈമറി ക്ലാസ്സുകളിലായി 1,47,82,710 പട്ടികവർഗ്ഗ കുട്ടികളും അപ്പർ പ്രൈമറി ക്ലാസ്സുകളിലായി 46,86,296 കുട്ടികളും പ്രവേശനം നേടുന്നുണ്ടെന്നും 1,94,69,006 കുട്ടികളിൽ 17,79,862 കുട്ടികൾ മാത്രമേ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിട്ടുള്ളുവെന്നും 1,76,89,144 കുട്ടികൾ ഹൈസ്കൂൾ ക്ലാസ്സുകളിൽനിന്നും കൊഴിഞ്ഞു പോയിട്ടുണ്ടെന്നുമാണ്.[20]

കേരളത്തിലെ പഞ്ചായത്തുകളുടെയും പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെയും സഹകരണത്തോടെ കില (*Kerala Institute of Local Administration*) നടത്തിയ സർവ്വെ പ്രകാരം സംസ്ഥാനത്തെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് 36.73 ശതമാനമാണ്. ആറ് മുതൽ ഇരുപത്തിയഞ്ച് വയസ്സു വരെയുള്ളവരിലാണ് പഠനം നടത്തിയത്. പ്രൈമറി തലത്തിൽ 15,364 (46.02%) കുട്ടികളും അപ്പർ പ്രൈമറി തലത്തിൽ 12,874 (38.56%) കുട്ടികളും ഹൈസ്ക്കൂൾ തലത്തിൽ 1,475 (4.42%) കുട്ടികളും കൊഴിഞ്ഞുപോയതായി കാണുന്നു. ബിരുദ വിദ്യാർത്ഥികൾക്കിടയിൽ 492 (1.47%) പേരും ബിരുദാനന്തര വിദ്യാർത്ഥികൾക്കിടയിൽ 194 (0.58%) പേരും ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കിടയിൽ 2,021 (%) പേരും കൊഴിഞ്ഞുപോയതായി പഠനം വ്യക്തമാക്കുന്നു.[21]

### 3.7 കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ

കേരളത്തിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസവും കൊഴിഞ്ഞുപോക്കും സംബന്ധിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയിടയിൽ നടത്തിയ പഠനത്തിൽ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന പ്രധാന സാഹചര്യങ്ങളായി പറഞ്ഞിരിക്കുന്നത് കടുത്ത ദാരിദ്ര്യം, സാമൂഹിക-സാമ്പത്തിക-വികസന മേഖലകളിൽ നിന്നുള്ള വലിയ തോതിലുള്ള ഒഴിവാക്കൽ, സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിലുള്ള ശാക്തീകരണമില്ലായ്മ, ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള സാധ്യതക്കുറവ്, തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ യാതൊരു സ്ഥാനവും

---

19 Scope of education and dropout among tribal students in Kerala -A study of Scheduled tribes in Attappady, Dr. Hasseena V. A. (Assistant Professor) and Dr. Ajims P. Mohammed (Principal), M E S Assembli College, Vemballur.

20 A report on the status of Primary Education of Adivasi children in Andhrapradesh and Orissa in the context of the Right to Education Act 2009 submitted by Dhaatri Resource center for women and children.

21 http://www.newindianexpress.com/states/kerala/School-Dropout-Rate-Among-Tribals-Remains-High/2014/05/03/article2203265.ece.

ഇല്ലാത്തതുകൊണ്ട് വികസനോത്മുഖ മേഖലകളിലെ പങ്കാളിത്തമില്ലായ്മ, ആരോഗ്യ- വിദ്യാഭ്യാസ മേഖലകളിലെ പോരായ്മകൾ, ഭൂമിയുടെ അന്യാധീനപ്പെടൽ, പരമ്പരാഗത നേതൃത്വവും കൂട്ടായ്മയും ഇല്ലാതാകൽ, നാട്ടറിവുകളുടെയും സാംസ്ക്കാരിക പൈതൃകങ്ങളുടെയും നഷ്ടപ്പെടൽ, വ്യാജമദ്യ നിർമ്മാണത്തിനും മയക്കുമരുന്ന് ചെടികളുടെ കൃഷിക്കും വനസമ്പത്ത് മോഷണത്തിനും ആദിവാസികളെ ഉപയോഗിക്കൽ, അമിതമായ ആശ്രയത്വം എന്നിവയാണ്.[22]

## 3.8 കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ

വയനാട് ജില്ലയിലെ പണിയ സമുദായത്തിൽപ്പെട്ട ആദിവാസി കുട്ടികളുടെയിടയിൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത് ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ വ്യാപകമായി കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടെന്നാണ്. കൊഴിഞ്ഞ് പോക്കിന്റെ കാരണങ്ങളായി ഈ പഠനത്തിൽ പറയുന്നത് വിദ്യാഭ്യാസത്തോടുള്ള കുട്ടികളുടെ സമീപനത്തിലെ പോരായ്മ, അനുയോജ്യമല്ലാത്ത കുടുംബാന്തരീക്ഷം, രക്ഷിതാക്കളുടെ മദ്യപാനം, ദാരിദ്ര്യം, പഠനം നിർത്തിയ കൂട്ടുകാരുടെ സ്വാധീനം, വളരെ ചെറുപ്പത്തിൽത്തന്നെ കുടുംബത്തെ നോക്കേണ്ട ഉത്തരവാദിത്വം തുടങ്ങിയവയാണ്.[23]

ഡൽഹിയിൽ നടന്ന ദേശീയ ദളിത് ആദിവാസി കുട്ടികളുടെ പാർലമെന്റിൽ ആദിവാസികൾക്കും ദളിതർക്കും ഗുണപരമായ വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നും അവർക്ക് ഗവൺമെന്റ് പദ്ധതികൾ, പ്രത്യേകിച്ച് യൂണിഫോമുകൾ, പഠനോപകരണങ്ങൾ, പാഠ്യേതര വിഷയങ്ങൾക്കാവശ്യമായ സാമഗ്രികൾ തുടങ്ങിയവ ലഭിക്കുന്നില്ലെന്നും സ്കൂളുകളിൽ ആദിവാസി കുട്ടികൾ ജാതി- മത- വർണ്ണ വേർതിരിവ് അനുഭവിക്കുന്നുണ്ടെന്നും ഭാഷാപ്രശ്നം ആദിവാസി കുട്ടികളെ പഠനത്തിൽ പിന്നോക്കമാക്കുന്നുണ്ടെന്നും പ്രതിപാദിച്ചിട്ടുണ്ട്.[24]

കേരളത്തിലെ ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസവും കൊഴിഞ്ഞുപോക്കും സംബന്ധിച്ച് അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെയിടയിൽ നടത്തിയ പഠനത്തിൽ കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണം കുട്ടികൾക്ക് പഠനത്തിലുള്ള താൽപര്യമില്ലായ്മയാണെന്ന് എല്ലാ അദ്ധ്യാപകരും അഭിപ്രായപ്പെട്ടതായി പറയുന്നു. സാമ്പത്തിക പ്രശ്നങ്ങൾ (92%), കുടുംബത്തെ നോക്കേണ്ട ഉത്തരവാദിത്വം (85%), സ്കൂളിലേക്കുള്ള ദൂരക്കൂടുതൽ (80%), ആരോഗ്യപ്രശ്നങ്ങൾ (67%), ശരിയായ ദിശാബോധം കിട്ടാത്തത് (57%), മാതാപിതാക്കളുടെ അറിവില്ലായ്മ (53%), ഭാഷാപ്രശ്നം (40%), ശൈശവ വിവാഹം (32%) എന്നിവ മറ്റ് കാരണങ്ങളാണെന്നും അഭിപ്രായപ്പെട്ടതായി കാണുന്നു.[25]

വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ 20 ആദിവാസി കുട്ടികളിൽ നടത്തിയ കേസ് സ്റ്റഡികളിൽ കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങളായി പറയുന്നത് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധക്കുറവുകൊണ്ടുള്ള നിഷേധാത്മക നിലപാടും, പഠനം നിർത്തിയ കൂട്ടുകാരുടെ സ്വാധീനവും, രക്ഷിതാക്കളുടെ മദ്യപാനം മൂലം വീട്ടിൽ പഠിക്കാനുള്ള അന്തരീക്ഷം കിട്ടാത്തതും, സാമ്പത്തിക പ്രശ്നവും

---

[22] Scope of education and dropout among tribal students in Kerala -A study of Scheduled tribes in Attappady, Dr. Hasseena V. A. (Assistant Professor) and Dr. Ajims P. Mohammed (Principal), M E S Assembli College, Vemballur.

[23] School drop outs among tribal students with special reference to paniya tribe in Wayanad, Manu George

[24] National Dalit and Adivasi student's parliament -9th Dec, 2013 Jantur Mantur, New Delhi Abhay Xaxa, Prachi R Beula, Babita Neg.

[25] Scope of education and dropout among tribal students in Kerala -A study of Scheduled tribes in Attappady, Dr. Hasseena V. A. (Assistant Professor) and Dr. Ajims P. Mohammed (Principal), M E S Assembli College, Vemballur.

കുടുംബപ്രാരാബ്ധവും കാരണം നേരത്തെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്നതും, ജാതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ താഴ്ന്ന ജാതിയിൽപ്പെട്ട കുട്ടികളുമായോ മേൽജാതിയിൽപ്പെട്ട കുട്ടികളുമായോ ഇരിക്കുന്നതിനോ പഠനകാര്യങ്ങൾ പങ്കുവെക്കുന്നതിനോ കുട്ടികൾ മടികാണിക്കുന്നതും, ആവശ്യമുള്ളപ്പോൾ കൃത്യമായ ചികിത്സാ സഹായം കിട്ടാത്തതുകൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങളുമാണെന്നാണ്.[26]

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പഠനങ്ങളും വെളിപ്പെടുത്തുന്നത് ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുളള കൊഴിഞ്ഞുപോക്കിന്റെ വ്യാപ്തി വളരെ രൂക്ഷമാണെന്നും വിവിധ പദ്ധതികളും കർമ്മ പരിപാടികളും ആവിഷ്ക്കരിച്ചിട്ടും കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോഴും പ്രതിസന്ധിയിലാണെന്നുമാണ്.

---

[26] A case study on the school drop out scheduled tribal students of wayanad district, Kerala: Jobin Joy and M. Srihari Dept. of Communication and Media Studies, Bharathiar University, Coimbatore, Tamil Nadu, India.

# അദ്ധ്യായം – 4

## ഗവേഷണ പഠനം

### *4.1 ചോദ്യാവലി തയ്യാറാക്കൽ*

വയനാട്ടിലെ വിവിധ ഊരുകളിൽ നിന്നുളള ആദിവാസി കുട്ടികളിലെ കലാബോധത്തെ തൊട്ടുണർത്തി പ്രത്യേക പരിശീലനം നൽകാനും നേതൃത്വ ഗുണവും ധാർമ്മിക മൂല്യങ്ങളും സംസ്കാരവും പരിപോഷിപ്പിക്കുവാനുമായി നീതിവേദിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച *കനൽ* ആദിവാസി പ്രതിഭാ തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്ത 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 20 കുട്ടികളിൽ നിന്നും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് 2015 മെയ് 18-നാണ് മാതൃകാ വിവരശേഖരണം നടത്തിയത്. അപ്രകാരം ലഭിച്ച പ്രതികരണങ്ങൾ കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങളോടെ ഗവേഷണ പഠനത്തിനായി 39 ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് ചോദ്യാവലി തയ്യാറാക്കി.

### *4.2 മാതൃകാ രൂപരേഖ*

വിവരണാത്മക ഗവേഷണ രൂപരേഖ ഉപയോഗിച്ചാണ് പഠനം നടത്തിയത്. ക്രമമില്ലാത്ത മാതൃകാ രീതിയാണ് ഗവേഷണ പഠനത്തിൽ അവലംബിച്ചിട്ടുള്ളത്. നീതിവേദിയുടെ ഫീൽഡ് പ്രവർത്തകർക്ക് പരിചയമുള്ളതും തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുമുള്ള ഊരുകളിൽ കണ്ടുമുട്ടിയ ആദിവാസി കുട്ടികളോടും രക്ഷിതാക്കളോടുമാണ് ചോദ്യങ്ങൾ ചോദിച്ച് നേരിട്ട് വിവരങ്ങൾ ശേഖരിച്ചിട്ടുളളത്. ഓരോ ഊരിലെയും ആദിവാസി കുട്ടികളുടെ എണ്ണം വ്യത്യസ്തമായിരുന്നു.

### *4.3 പഠന പരിധി*

വയനാട് ജില്ലയിലെ മാനന്തവാടി, ബത്തേരി, കൽപ്പറ്റ, പനമരം എന്നീ ബ്ലോക്കുകളിലെ 18 പഞ്ചായത്തുകളിലുള്ള 74 ഊരുകളാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### *4.4 പഠനത്തിന്റെ ഘടകം*

ആറ് വയസ്സ് മുതൽ പതിനെട്ട് വയസ്സുവരെയുള്ള 1000 കുട്ടികളിൽ നിന്നും 371 രക്ഷിതാക്കളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

### *4.5 വിവരശേഖരണം*

2015 ഏപ്രിൽ മാസത്തിൽ നീതിവേദിയിലെ ഫീൽഡ് പ്രവർത്തകർക്കും നീതിവേദിയിൽ ആദിവാസി ജീവിതത്തെപ്പറ്റി പഠിക്കാൻവന്ന 18 കോളേജ് വിദ്യാർത്ഥികൾക്കും ഗവേഷണ പഠനത്തിനായുള്ള വിവരശേഖരണം സംബന്ധിച്ച് പരിശീലനം നൽകി. ഇവർ ആറ് ഗ്രൂപ്പുകളായി തിരിഞ്ഞ് മൂന്ന് ആഴ്ചകൾക്കൊണ്ട് ആറ് വയസ്സിനും പതിനെട്ട് വയസ്സിനും ഇടയിലുള്ള തുടർച്ചയായി സ്കൂളിൽ പോകുന്നവരും തുടർച്ചയായി പോകാത്തവരും പഠനം നിർത്തിയവരുമായ 1200 കുട്ടികളിൽ നിന്നും അവരുടെ രക്ഷിതാക്കളിൽ നിന്നും വിവരശേഖരണം നടത്തി. പൂർണ്ണമായ വിവരങ്ങൾ ലഭിച്ച 1000 കുട്ടികളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ എസ്. പി. എസ്. എസ്. പ്രോഗ്രാം ഉപയോഗിച്ച് പട്ടിക തയ്യാറാക്കി.

### *4.6 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ*

1. 2015 മെയ് 26-ന് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ഗവേഷണ പഠനത്തിലെ

പ്രാഥമിക കണ്ടെത്തലുകൾ അവതരിപ്പിച്ചു. ജില്ലയിലെ വിദ്യാഭ്യാസ, പട്ടികവർഗ്ഗ, സാമൂഹ്യ നീതി വകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവി, സംഘടനാ പ്രതിനിധികൾ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, ട്രൈബൽ പ്രൊമോട്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുകയും പഠനത്തിലെ കണ്ടെത്തലുകളോട് പ്രതികരിക്കുകയും ചെയ്തു.

2. 2015 ഓഗസ്റ്റ് 29-ന് മാനന്തവാടി പാവനാ സെന്ററിൽ നടന്ന ആദിവാസി യുവജനങ്ങളുടെ ക്യാമ്പിൽ പഠനത്തിലെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും അവരുടെ വ്യക്തിപരമായ അനുഭവത്തിന്റെയും അവരുടെ ഊരിലും പഠിച്ച സ്കൂളിലുമുള്ള മറ്റ് ആദിവാസി കുട്ടികളുടെ അനുഭവത്തിന്റെയും വെളിച്ചത്തിൽ പ്രതികരണങ്ങൾ പങ്കുവെക്കുകയും ചെയ്തു.

3. 2015 സെപ്റ്റംബർ 1-ന് വയനാട് ജില്ലാ കളക്ടർ വിളിച്ചുചേർത്ത പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, അദ്ധ്യാപക പ്രതിനിധികൾ, ആദിവാസി-സന്നദ്ധ സംഘടനാ പ്രതിനിധികൾ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, കൗൺസിലേഴ്സ് തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ ഗവേഷണ പഠനത്തിന്റെ വിശദാംശങ്ങൾ പങ്കുവെച്ചു. പ്രസ്തുത യോഗത്തിൽ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നു.

### *4.7 പഠനത്തിന്റെ പരിമിതികൾ*

1. വയനാട്ടിലെ ഊരുകളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും സ്റ്റാഫംഗങ്ങളുടെ കുറവും കൊണ്ട് 74 ഊരുകളിൽ നിന്ന് മാത്രമേ വിവര ശേഖരണം നടന്നിട്ടുള്ളൂ. ഊരുകൾ തെരഞ്ഞെടുത്തപ്പോൾ കുടുംബങ്ങളുടെ എണ്ണം, സമുദായം, പഞ്ചായത്ത്/ബ്ലോക്ക് പരിധി എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകിയിട്ടില്ല.

2. ആദിവാസി കുട്ടികളിൽ മിക്കവരും തങ്ങൾ സ്കൂളിൽ പോകുന്നത് സംബന്ധിച്ച് തുറന്ന് പറയാൻ മടിക്കുന്നത് കാരണം കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം പഠനത്തിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കൂടുതലായിരിക്കാനാണ് സാധ്യത.

3. വിവരശേഖരണം നടത്തിയ പല കുടുംബങ്ങളിലെയും കുട്ടികൾ കൂലിപണിക്ക് പോയതായി അറിയാൻ കഴിഞ്ഞു. അവരുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ പഠനം നിർത്തിയ കുട്ടികളുടെ എണ്ണം പഠനത്തിൽ കാണിച്ചിരിക്കുന്നതിനേക്കാൾ വളരെ കൂടുതലായിരിക്കാനാണ് സാധ്യത.

4. വിവരശേഖരണം നടത്തിയത് അവധിക്കാലത്തായതിനാൽ ബന്ധുവീടുകളിലും മറ്റും പോയ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

5. പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനമായതിനാൽ സാങ്കേതിക തികവിനേക്കാൾ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുന്നതിനും പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകുന്നതിന് പ്രേരിപ്പിക്കുന്നതിനുമാണ്.

## *4.8 വിവര വ്യാഖ്യാനവും വിശകലനവും*

ഗവേഷണ പഠനത്തിൽ പങ്കെടുത്ത വയനാട് ജില്ലയിലെ 1000 ആദിവാസി കുട്ടികളിൽ നിന്നും അവരുടെ രക്ഷിതാക്കളിൽ നിന്നും നേരിട്ട് ലഭിച്ച വിവരങ്ങളാണ് വിവിധ പട്ടികകളുടെ സഹായത്തോടെ ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്തിട്ടുള്ളത്.

**പട്ടിക 1**

**സ്കൂളിൽ പോകുന്നത് സംബന്ധിച്ച്**

| വിശദാംശങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| പഠനം നിർത്തിയവർ | 192 | 19.2 |
| തുടർച്ചയായി പോകാത്തവർ | 71 | 7.1 |
| തുടർച്ചയായി പോകുന്നവർ | 737 | 73.7 |
| **ആകെ** | **1000** | **100** |

സർവ്വെയിൽ പങ്കെടുത്ത 1000 കുട്ടികളിൽ 73.7% കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നവരും 19.2% കുട്ടികൾ പഠനം നിർത്തിയവരും 7.1% കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തവരുമാണ്. സർവ്വെയിൽ പങ്കെടുത്തവരിൽ തുടർച്ചയായി സ്കൂളിൽ പോകാത്തവരും പഠനം നിർത്തിയവരുമായ 263 (26.3%) കുട്ടികൾ ഉണ്ട്. ഈ പഠനത്തിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്ന് സൂചിപ്പിക്കുന്നത് ഇവരെപ്പറ്റിയാണ്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (*KILA*) നടത്തിയ പഠനത്തിലെ റിപ്പോർട്ടിൽ സംസ്ഥാന തലത്തിലുള്ള കൊഴിഞ്ഞുപോക്ക് 36.73 ശതമാനമാണ്. വയനാട് ജില്ലയിലെ ആദിവാസി ജനസംഖ്യയും അവരുടെ പിന്നോക്കാവസ്ഥയും പരിഗണിക്കുമ്പോൾ ഇവിടുത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാകാനാണ് സാധ്യത. കേരളത്തിലെ സാക്ഷരത നിരക്കും വിദ്യാഭ്യാസ നിലവാരവും സംബന്ധിച്ച് നാം അഭിമാനിക്കുമ്പോഴും ഇവിടുത്തെ ആദിവാസികളുടെ വിദ്യാഭ്യാസനില ഏറെ പരിതാപകരമാണെന്ന് അംഗീകരിക്കേണ്ടതായിവരും.

**പട്ടിക 2**

**ബ്ലോക്കടിസ്ഥാനത്തിൽ**

| ബ്ലോക്ക് | സർവ്വെയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ | പഠനം നിർത്തിയവർ | തുടർച്ചയായി പോകാത്തവർ | തുടർച്ചയായി പോകുന്നവർ |
|---|---|---|---|---|
| കൽപ്പറ്റ | 304 | 63 | 23 | 218 |
| ബത്തേരി | 242 | 63 | 21 | 158 |
| മാനന്തവാടി | 387 | 56 | 19 | 312 |
| പനമരം | 67 | 10 | 8 | 49 |
| **ആകെ** | **1000** | **192** | **71** | **737** |

**പട്ടിക 3**

**പഠനം നിർത്തിയവർ ബ്ലോക്കടിസ്ഥാനത്തിൽ**

| ബ്ലോക്ക് | സർവ്വെയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ | പഠനം നിർത്തിയവർ | ശതമാനം |
|---|---|---|---|
| കൽപ്പറ്റ | 304 | 63 | 32.8 |
| ബത്തേരി | 242 | 63 | 32.8 |
| മാനന്തവാടി | 387 | 56 | 29.2 |
| പനമരം | 67 | 10 | 5.2 |
| **ആകെ** | **1000** | **192** | **100** |

**പട്ടിക 4**

**തുടർച്ചയായി പോകാത്തവർ ബ്ലോക്കടിസ്ഥാനത്തിൽ**

| ബ്ലോക്ക് | സർവ്വെയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ | തുടർച്ചയായി പോകാത്തവർ | ശതമാനം |
|---|---|---|---|
| കൽപ്പറ്റ | 304 | 23 | 32.4 |
| ബത്തേരി | 242 | 21 | 29.6 |
| മാനന്തവാടി | 387 | 19 | 26.7 |
| പനമരം | 67 | 8 | 11.3 |
| **ആകെ** | **1000** | **71** | **100** |

**പട്ടിക 5**

**കൊഴിഞ്ഞുപോയവർ ബ്ലോക്കടിസ്ഥാനത്തിൽ**

| ബ്ലോക്ക് | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| കൽപ്പറ്റ | 86 | 32.7 |
| ബത്തേരി | 84 | 32.0 |
| മാനന്തവാടി | 75 | 28.5 |
| പനമരം | 18 | 6.8 |
| **ആകെ** | **263** | **100** |

ഗവേഷണ പഠനത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗ വിഭാഗത്തിലെ മാനന്തവാടി ബ്ലോക്കിൽ നിന്നുള്ള 387 കുട്ടികളിൽ 312 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നവരും 56 കുട്ടികൾ പഠനം നിർത്തിയവരും 19 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തവരുമാണ്; കൽപ്പറ്റ ബ്ലോക്കിൽ നിന്നുള്ള 304 കുട്ടികളിൽ 218 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നവരും 63 കുട്ടികൾ പഠനം നിർത്തിയവരും 23 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തവരുമാണ്; ബത്തേരി ബ്ലോക്കിൽ

നിന്നുള്ള 242 കുട്ടികളിൽ 158 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നവരും 63 കുട്ടികൾ പഠനം നിർത്തിയവരും 21 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തവരുമാണ്; പനമരം ബ്ലോക്കിൽ നിന്നുള്ള 67 കുട്ടികളിൽ 49 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നവരും 10 കുട്ടികൾ പഠനം നിർത്തിയവരും 8 കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തവരുമാണ്.

സർവ്വെയിൽ പങ്കെടുത്തവരിൽ ആനുപാതികമായി കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ ബത്തേരി, കൽപ്പറ്റ ബ്ലോക്കുകളിൽ നിന്നുള്ള കുട്ടികളിലാണ്.

**പട്ടിക 6**

**സമുദായാടിസ്ഥാനത്തിൽ**

| **സമുദായം** | **ആകെ വിദ്യാർത്ഥികൾ** | **പഠനം നിർത്തിയവർ** | **തുടർച്ചയായി പോകാത്തവർ** | **തുടർച്ചയായി പോകുന്നവർ** |
|---|---|---|---|---|
| പണിയർ | 682 | 141 | 57 | 484 |
| കാട്ടുനായ്ക്കർ | 136 | 21 | 3 | 112 |
| അടിയർ | 122 | 24 | 11 | 87 |
| കുറുമർ | 60 | 6 | 0 | 54 |
| **ആകെ** | **1000** | **192** | **71** | **737** |

**പട്ടിക 7**

**കൊഴിഞ്ഞുപോയവർ സമുദായാടിസ്ഥാനത്തിൽ**

| **സമുദായം** | **ആകെ വിദ്യാർത്ഥികൾ** | **കൊഴിഞ്ഞുപോയവർ** | **ശതമാനം** |
|---|---|---|---|
| പണിയർ | 682 | 198 | 75.3 |
| കാട്ടുനായ്ക്കർ | 136 | 24 | 9.1 |
| അടിയർ | 122 | 35 | 13.3 |
| കുറുമർ | 60 | 6 | 2.3 |
| **ആകെ** | **1000** | **263** | **100** |

സർവ്വെയിൽ പങ്കെടുത്ത പണിയ സമുദായത്തിലെ കുട്ടികൾ 682 (68.2%) ആണെങ്കിൽ അവരുടെ കൊഴിഞ്ഞുപോക്ക് 75.3 ശതമാനമാണ്. ആനുപാതികമായി പണിയ സമുദായാംഗങ്ങളിൽ കൊഴിഞ്ഞുപോക്ക് മറ്റ് സമുദായാംഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെട്ടവരും സ്കൂളുകളിൽ നിന്നും ഏറെ അകലങ്ങളിൽ കഴിയുന്നവരുമായ കാട്ടുനായ്ക്ക സമുദായാംഗങ്ങളെക്കാൾ കൂടുതൽ കൊഴിഞ്ഞുപോക്ക് അടിയരിൽ കാണുന്നു. പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ അടിയ-പണിയ പാക്കേജുകൾ കൊണ്ടൊന്നും പണിയരുടെയും അടിയരുടെയും വിദ്യാഭ്യാസ നില ഉയർത്താൻ കഴിഞ്ഞിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്ന കാര്യമാണ്.

പട്ടിക 8

വയസ്സടിസ്ഥാനത്തിൽ

| വയസ്സ് | പഠനം നിർത്തിയവർ | തുടർച്ചയായി പോകാത്തവർ | തുർച്ചയായി പോകുന്നവർ | ആകെ |
|---|---|---|---|---|
| 6 | 2 | 5 | 48 | 55 |
| 7 | 3 | 5 | 66 | 74 |
| 8 | 2 | 4 | 57 | 63 |
| 9 | 1 | 7 | 67 | 75 |
| 10 | 5 | 12 | 88 | 105 |
| 11 | 1 | 4 | 60 | 65 |
| 12 | 9 | 9 | 78 | 96 |
| 13 | 14 | 9 | 60 | 83 |
| 14 | 29 | 3 | 67 | 99 |
| 15 | 29 | 4 | 56 | 89 |
| 16 | 34 | 2 | 48 | 84 |
| 17 | 26 | 4 | 22 | 52 |
| 18 | 37 | 3 | 20 | 60 |
| **6 – 18** | **192** | **71** | **737** | **1000** |

പട്ടിക 9

കൊഴിഞ്ഞുപോയവർ വയസ്സടിസ്ഥാനത്തിൽ

| വയസ്സ് | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| 6 | 7 | 2.7 |
| 7 | 8 | 3.0 |
| 8 | 6 | 2.3 |
| 9 | 8 | 3.0 |
| 10 | 17 | 6.5 |
| 11 | 5 | 2.0 |
| 12 | 18 | 6.8 |
| 13 | 23 | 8.7 |
| 14 | 32 | 12.2 |
| 15 | 33 | 12.5 |
| 16 | 36 | 13.7 |
| 17 | 30 | 11.4 |
| 18 | 40 | 15.2 |
| **6 – 18** | **263** | **100** |

പ്രായം കൂടുന്നതനുസരിച്ച് കൊഴിഞ്ഞുപോക്കിന്റെ ശതമാനം വർദ്ധിക്കുന്നതായി ഈ പട്ടികകളിൽ നിന്നും വ്യക്തമാകുന്നു. ഏറ്റവും ശ്രദ്ധേയമായ കാര്യം കൊഴിഞ്ഞുപോയ 263 പേരിൽ 124 കുട്ടികൾ (47.1%) 14 വയസ്സിൽ താഴെയുള്ളവരാണ്. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സൗജന്യ നിർബന്ധിത വിദ്യാഭ്യാസം നിഷ്ക്കർഷിച്ചിരിക്കുന്ന പ്രായത്തിലുള്ള കുട്ടികളാണ് കൊഴിഞ്ഞുപോയവരിൽ പകുതിയോളമെന്നത് വളരെ ഗൗരവമായ പരിഗണന അർഹിക്കുന്ന കാര്യമാണ്.

പട്ടിക 10

ക്ലാസ്സടിസ്ഥാനത്തിൽ

| ക്ലാസ്സ് | തുടർച്ചയായി പോകുന്നവർ | തുടർച്ചയായി പോകാത്തവർ | പഠനം നിർത്തിയവർ | ആകെ |
|---|---|---|---|---|
| 1 | 44 | 5 | 5 | 54 |
| 2 | 70 | 4 | 1 | 75 |
| 3 | 80 | 2 | 4 | 86 |
| 4 | 69 | 10 | 2 | 81 |
| 5 | 73 | 14 | 17 | 104 |
| 6 | 87 | 6 | 24 | 117 |
| 7 | 88 | 11 | 34 | 133 |
| 8 | 61 | 6 | 44 | 111 |
| 9 | 69 | 6 | 26 | 101 |
| 10 | 45 | 5 | 31 | 81 |
| പ്ലസ് വൺ | 28 | 1 | 2 | 31 |
| പ്ലസ് ടു | 23 | 1 | 2 | 26 |
| **ആകെ** | **737** | **71** | **192** | **1000** |

പട്ടിക 11

സർവ്വെയിൽ പങ്കെടുത്ത കുട്ടികളും കൊഴിഞ്ഞുപോക്കും

ക്ലാസ്സടിസ്ഥാനത്തിൽ

| ക്ലാസ്സ് | പങ്കെടുത്ത കുട്ടികൾ | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|---|
| എൽ.പി | 296 | 33 | 11.1 |
| യു.പി | 354 | 106 | 29.9 |
| ഹൈസ്ക്കൂൾ | 293 | 118 | 40.3 |
| ഹയർ സെക്കന്ററി | 57 | 6 | 10.5 |
| **ആകെ** | **1000** | **263** | **100** |

പട്ടിക 12

കൊഴിഞ്ഞുപോയവർ ക്ലാസ്സടിസ്ഥാനത്തിൽ

| ക്ലാസ്സ് | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| എൽ.പി | 33 | 12.6 |
| യു.പി | 106 | 40.3 |
| ഹൈസ്ക്കൂൾ | 118 | 44.8 |
| ഹയർ സെക്കന്ററി | 6 | 2.3 |
| **ആകെ** | **263** | **100** |

മുകളിൽ ചേർത്തിരിക്കുന്ന മൂന്ന് പട്ടികകൾ പരിശോധിച്ചാൽ ആദിവാസി കുട്ടികൾ ഉയർന്ന ക്ലാസ്സുകളിലേക്ക് പോകുന്നതനുസരിച്ച് കൊഴിഞ്ഞുപോക്ക് കൂടുന്നതായി കാണുന്നു. സർവ്വെയിൽ പങ്കെടുത്തവരിൽ 29.3 ശതമാനം പേർ ഹൈസ്ക്കൂൾ വിദ്യാർത്ഥികളാണ്. ആ കുട്ടികളിൽ കൊഴിഞ്ഞു പോയവരുടെ ശതമാനം 40.3 ആണ്. അതുപോലെതന്നെ 5.7 ശതമാനം വരുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെയിടയിൽ 10.5 ശതമാനമാണ് കൊഴിഞ്ഞുപോക്ക്.

**പട്ടിക 13**

**ലിംഗാടിസ്ഥാനത്തിൽ**

| ലിംഗം | പഠനം നിർത്തിയവർ | തുടർച്ചയായി പോകാത്തവർ | തുടർച്ചയായി പോകുന്നവർ | ആകെ |
|---|---|---|---|---|
| ആൺകുട്ടികൾ | 119 | 41 | 347 | 507 |
| പെൺകുട്ടികൾ | 73 | 30 | 390 | 493 |
| **ആകെ** | **192** | **71** | **737** | **1000** |

**പട്ടിക 14**

**കൊഴിഞ്ഞുപോക്ക് ലിംഗാടിസ്ഥാനത്തിൽ**

| ലിംഗം | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| ആൺകുട്ടികൾ | 160 | 60.8 |
| പെൺകുട്ടികൾ | 103 | 39.2 |
| **ആകെ** | **263** | **100** |

പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലെന്ന് പഠനം വ്യക്തമാക്കുന്നു.

**പട്ടിക 15**

**തുടർച്ചയായി സ്കൂളിൽ പോകാത്ത കുട്ടികൾ**

**ഹാജരാകാത്ത ദിവസങ്ങളുടെ അടിസ്ഥാനത്തിൽ**

| ദിവസങ്ങൾ | തുടർച്ചയായി പോകാത്തവർ | ശതമാനം |
|---|---|---|
| 1-15 ദിവസം | 28 | 39.4 |
| 16-30 ദിവസം | 9 | 12.7 |
| 31-45 ദിവസം | 8 | 11.2 |
| 46-60 ദിവസം | 9 | 12.7 |
| 61 ദിവസത്തിൽ കൂടുതൽ | 12 | 17 |
| അറിയില്ല | 5 | 7 |
| **ആകെ** | **71** | **100** |

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ തുടർച്ചയായി സ്കൂളിൽ പോകാത്ത 71 കുട്ടികളിൽ 60.6 ശതമാനം കുട്ടികളും 15 ദിവസത്തിൽ കൂടുതലായി സ്കൂളിൽ ഹാജരാകാത്തവരാണ്. അങ്ങനെയെങ്കിൽ പ്രായോഗികമായി ഇവരെയും പഠനം നിർത്തിയവരായി കാണേണ്ടിവരും.

**പട്ടിക 16**

**പഠനം നിർത്തിയ കാലയളവിന്റെ അടിസ്ഥാനത്തിൽ**

| മാസങ്ങൾ | പഠനം നിർത്തിയവർ | ശതമാനം |
|---|---|---|
| 1 മാസത്തിൽ താഴെ | 6 | 3.13 |
| 1-2 മാസം | 5 | 2.60 |
| 3-4 മാസം | 3 | 1.56 |
| 5-6 മാസം | 5 | 2.60 |
| 6 മാസം - 1 വർഷം | 23 | 11.98 |
| 1 വർഷത്തിന് മുകളിൽ | 150 | 78.13 |
| **ആകെ** | **192** | **100** |

പഠനം നിർത്തിയ 192 കുട്ടികളിൽ 78.13% കുട്ടികൾ പഠനം നിർത്തിയിട്ട് ഒരു വർഷത്തിൽ കൂടുതലും 11.98% കുട്ടികൾ പഠനം നിർത്തിയിട്ട് ആറ് മാസം മുതൽ ഒരു വർഷം വരെയും ആയിയെന്നത് ഏറെ ദു:ഖകരമായ വസ്തുതയാണ്. സ്കൂളിൽ പോകാത്ത കുട്ടികളുടെ കാര്യത്തിൽ ചുമതലപ്പെട്ടവർ ഫലപ്രദമായ അന്വേഷണമോ ഇടപെടലുകളോ നടത്തുന്നില്ലയെന്നത് ഏറെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

**പട്ടിക 17**

**പഠനം നിർത്തിയവർ ഇപ്പോൾ ചെയ്യുന്നത്**

| വിശദാംശങ്ങൾ | ഒരു മാസത്തിൽ താഴെ | 1-2 മാസം | 3-4 മാസം | 5-6 മാസം | 6 മാസം- 1 വർഷം | 1 വർഷത്തിന് മുകളിൽ | ആകെ |
|---|---|---|---|---|---|---|---|
| വെറുതെ വീട്ടിലിരിക്കുന്നു | 4 | 4 | 1 | 5 | 17 | 78 | 109 |
| കൂലിപ്പണിക്ക് പോകുന്നു | 1 | 1 | 1 | 0 | 3 | 55 | 61 |
| സ്വയം തൊഴിൽ ചെയ്യുന്നു | 1 | 0 | 0 | 0 | 1 | 2 | 4 |
| ഇളയ കുട്ടികളെ നോക്കുന്നു | 0 | 0 | 0 | 0 | 2 | 3 | 5 |
| പ്രതികരിച്ചില്ല | 0 | 0 | 1 | 0 | 0 | 12 | 13 |
| **ആകെ** | **6** | **5** | **3** | **5** | **23** | **150** | **192** |

സ്കൂളിൽ തീർത്തും പോകാതിരിക്കുന്ന 192 പേരിൽ 173 പേർ പഠനം നിർത്തിയിട്ട് 6 മാസങ്ങളിൽ കൂടുതലായി. ഇവരിൽ 58 പേർ കൂലിപ്പണിക്ക് പോകുന്നവരും 3 പേർ സ്വയം തൊഴിൽ ചെയ്യുന്നവരുമാണെന്ന് പഠനം തെളിയിക്കുന്നു. ഇതിൽ ശ്രദ്ധേയമായ കാര്യം 95 പേർ പഠനം നിർത്തിയിട്ട് വെറുതെ വീട്ടിലിരിക്കുന്നവരാണ് എന്നതാണ്. കാര്യമായ ശ്രമം നടത്തിയാൽ ഇവരെ തിരികെ സ്കൂളിൽ എത്തിക്കാൻ സാധിക്കുമെന്ന് കരുതാവുന്നതാണ്. പഠനം നിർത്തിയ കുട്ടികളിൽ 94 പേർ തുല്യതാ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്നുവെന്ന് ഫീൽഡ് പ്രവർത്തകരോട് സൂചിപ്പിക്കുകയുണ്ടായി. 116 പേർ സ്കൂളിൽ തുടർന്ന് പഠിക്കാനും താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായി.

## ***<u>കൊഴിഞ്ഞുപോക്കിന്റെ സാഹചര്യങ്ങളും കാരണങ്ങളും</u>***

വയനാട് ജില്ലയിലെ ആദിവാസി കുട്ടികളിൽ വലിയൊരു ശതമാനം സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നതിനുള്ള സാഹചര്യങ്ങളും കാരണങ്ങളും വളരെ സങ്കീർണ്ണവും ഗൗരവമായ പഠനത്തിന് വിധേയമാക്കേണ്ടതുമാണ്. എന്തൊക്കെയാണ് കൊഴിഞ്ഞുപോക്കിലേക്ക് നയിച്ച സാഹചര്യങ്ങൾ, എന്തൊക്കെയാണ് കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ എന്നീ ചോദ്യങ്ങൾക്ക് കൊഴിഞ്ഞുപോയ 263 കുട്ടികളിൽ നിന്നും ലഭിച്ച വിവിധ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 18**

**കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ**

| ക്ര. നം. | സാഹചര്യങ്ങൾ | എണ്ണം | ശതമാനം |
|---|---|---|---|
| 1 | പഠന അന്തരീക്ഷം വീട്ടിലില്ലാത്തത് | 81 | 30.8 |
| 2 | രക്ഷിതാക്കളുടെ ലഹരി ഉപയോഗം | 53 | 20.2 |
| 3 | ജീവിതരീതിയിലെ കൃത്യനിഷ്ഠയില്ലായ്മ | 48 | 18.3 |
| 4 | ഹോംവർക്കിൽ സഹായിക്കാനാളില്ലാത്ത അവസ്ഥ | 36 | 13.7 |
| 5 | സീസണൽ ജോലികൾ | 42 | 16.0 |
| 6 | പാഠഭാഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തത് | 43 | 16.3 |
| 7 | പ്രൈമറിക്ലാസ്സുകളിൽ അക്ഷര- സംഖ്യാ പഠനങ്ങളിൽ അടിത്തറ ലഭിക്കാത്തത് | 29 | 11.0 |
| 8 | പഠനസാമഗ്രികൾ ഇല്ലാത്തത് | 18 | 6.8 |
| 9 | ഭാഷാപ്രശ്നം | 12 | 4.6 |

1 മുതൽ 5 വരെയുള്ള കാര്യങ്ങൾ വീട്ടിലെയും മറ്റുള്ളവ സ്കൂളിലെയും സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുള്ളവയാണ്.

### പട്ടിക 19

### കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ (കുട്ടികൾ)

| ക്രം. നം. | കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|---|
| 1 | സ്വന്തം താൽപ്പര്യക്കുറവ് | 191 | 72.6 |
| 2 | വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധക്കുറവ് | 73 | 27.7 |
| 3 | രക്ഷിതാക്കളുടെ താൽപ്പര്യക്കുറവ് | 64 | 24.3 |
| 4 | സാമ്പത്തിക പ്രശ്നങ്ങൾ | 46 | 17.5 |
| 5 | ആരോഗ്യ പ്രശ്നങ്ങൾ | 34 | 12.9 |
| 6 | യാത്രാക്ലേശം/ദൂരകൂടുതൽ | 26 | 9.9 |
| 7 | ഇളയകുട്ടികളെ നോക്കേണ്ട ഉത്തരവാദിത്തം | 15 | 5.7 |
| 8 | ലൈംഗിക ചൂഷണം | 6 | 2.3 |
| 9 | രക്ഷിതാക്കളുടെ ആരോഗ്യ പ്രശ്നം | 4 | 1.5 |
| 10 | മറ്റുള്ളവരുടെ ഉപദ്രവം | 3 | 1.1 |
| 11 | ശൈശവ വിവാഹം | 3 | 1.1 |
| 12 | പഠനം നിർത്തിയ കൂട്ടുകാരുടെ സ്വാധീനം | 52 | 19.8 |
| 13 | പഠനസാമഗ്രികൾ ഇല്ലാത്തത് | 2 | 0.8 |
| 14 | മറ്റുള്ള കുട്ടികളുടെ അവഗണനയും കളിയാക്കലും | 13 | 4.9 |
| 15 | അദ്ധ്യാപകരുടെ പെരുമാറ്റത്തിലെ പോരായ്മ | 7 | 2.7 |

### പട്ടിക 20

### കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ (രക്ഷിതാക്കൾ)

സർവ്വെയിൽ പങ്കെടുത്ത കുട്ടികളുടെ വീടുകളിൽ ഉണ്ടായിരുന്ന 371 രക്ഷിതാക്കളോട് കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ ആരാഞ്ഞപ്പോൾ പറഞ്ഞ അവരുടെ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

| കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| കുട്ടികളുടെ മടി/താൽപ്പര്യമില്ലായ്മ | 362 | 97.6 |
| പഠനം നിർത്തിയ കൂട്ടുകാരുടെ സ്വാധീനം | 88 | 23.7 |
| സാമ്പത്തിക പ്രശ്നം | 81 | 21.8 |
| രക്ഷിതാക്കളുടെ താൽപ്പര്യമില്ലായ്മ | 41 | 11.0 |
| പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധക്കുറവ് | 38 | 10.2 |
| രക്ഷിതാക്കളുടെ മദ്യപാനം | 32 | 8.6 |
| യാത്രാ സൗകര്യമില്ലാത്തത് | 32 | 8.6 |
| പഠനാന്തരീക്ഷം ഇല്ലാത്തത് | 28 | 7.5 |
| പഠനത്തെക്കുറിച്ചുള്ള ദിശാബോധമില്ലായ്മ | 16 | 4.3 |
| പണിക്ക് പോകുന്നത് | 15 | 4.0 |
| ആരോഗ്യ പ്രശ്നങ്ങൾ | 7 | 1.9 |
| ശൈശവ വിവാഹം | 7 | 1.9 |
| സ്കൂളിൽ പ്രവേശനം ലഭിക്കാത്തത് | 6 | 1.6 |

| | | |
|---|---|---|
| ട്രൈബൽ ഹോസ്റ്റലുകളിലെ സൗകര്യമില്ലായ്മ | 5 | 1.3 |
| കൃത്യനിഷ്ഠയില്ലാത്ത ജീവിതരീതി | 5 | 1.3 |
| ദൂരകൂടുതൽ | 5 | 1.3 |
| പഠനസാമഗ്രികൾ ഇല്ലാത്തത് | 4 | 1.1 |
| ഇളയ കുട്ടികളെ നോക്കാനുള്ള ഉത്തരവാദിത്തം | 4 | 1.1 |
| അദ്ധ്യാപകരിൽ നിന്നുള്ള അവഗണന | 4 | 1.1 |
| പഠിക്കാനുള്ള ബുദ്ധിമുട്ട് | 3 | 0.8 |
| ഒറ്റയ്ക്ക് സ്കൂളിൽ പോകാനുള്ള പേടി | 1 | 0.3 |

മേൽ സൂചിപ്പിച്ച മൂന്ന് പട്ടികകളിൽ നിന്നും വ്യക്തമാകുന്നത് കൊഴിഞ്ഞുപോക്കിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം വിദ്യാർത്ഥികൾക്ക് അനുകൂലമായ അന്തരീക്ഷം അവരുടെ വീടുകളിലില്ല എന്നുള്ളതാണ്. രക്ഷിതാക്കളുടെ മദ്യപാനവും വീടുകളിലെ സംഘർഷാവസ്ഥകളും കുട്ടികളെ ബാധിക്കുന്നുണ്ട്. രക്ഷിതാക്കളിൽ ഭൂരിഭാഗവും വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരായതുകൊണ്ട് പഠന കാര്യങ്ങളിൽ കുട്ടികളെ നിർബന്ധിക്കാനോ സഹായിക്കാനോ സാധിക്കുന്നില്ല. കുട്ടികളുടെ താൽപര്യക്കുറവും മടിയും കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങളായി കുട്ടികളും രക്ഷിതാക്കളും പറയുന്നതും വീട്ടിലെ പഠനാന്തരീക്ഷത്തിന്റെ അപര്യാപ്തതയെയാണ് സൂചിപ്പിക്കുന്നത്.

സർവ്വെയിൽ പങ്കെടുത്ത കുട്ടികളുടെ മാതാപിതാക്കളുടെ അവസ്ഥ സംബന്ധിച്ച ചോദ്യങ്ങൾക്ക് കുട്ടികൾ നൽകിയ മറുപടികൾ ഇതോടൊപ്പം ചേർത്തുവായിക്കാവുന്നതാണ്. കുട്ടികളുടെ അച്ഛന്മാരിൽ 515 പേരും അമ്മമാരിൽ 37 പേരും മദ്യപാനികളാണെന്ന് കുട്ടികൾ പറയുന്നു. 90 കുട്ടികളുടെ അച്ഛന്മാരും 30 കുട്ടികളുടെ അമ്മമാരും മരണപ്പെട്ടിട്ടുള്ളതാണ്. കുട്ടികളിൽ 38 പേരുടെ അച്ഛന്മാരും 8 പേരുടെ അമ്മമാരും കുട്ടികളെ ഉപേക്ഷിച്ച് പോയിട്ടുള്ളവരുമാണ്. അച്ഛന്മാരിൽ 68 പേരും അമ്മമാരിൽ 71 പേരും രോഗികളാണ്. ഈ സാഹചര്യങ്ങളെ അതിജീവിച്ച് തുടർച്ചയായി സ്കൂളിൽ പോകാൻ കുട്ടികൾക്ക് ബുദ്ധിമുട്ടാണ്.

എം. ആർ. എസ്. സ്കൂളുകളിലും ട്രൈബൽ ഹോസ്റ്റലുകളിലും നിന്ന് പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഇവരുടെയിടയിൽ കൊഴിഞ്ഞുപോക്ക് കുറവാണെന്ന് പഠനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

**പട്ടിക 21**

**പഠന കാലയളവിലെ താമസ സ്ഥലം**

| താമസ സ്ഥലം | പഠനം നിർത്തിയവർ | തുടർച്ചയായി പോകാത്തവർ | തുർച്ചയായി പോകുന്നവർ | ആകെ |
|---|---|---|---|---|
| വീട് | 179 | 69 | 627 | 875 |
| ട്രൈബൽ ഹോസ്റ്റൽ | 12 | 2 | 106 | 120 |
| എം.ആർ.എസ്. സ്കൂൾ | 1 | 0 | 4 | 5 |
| **ആകെ** | **192** | **71** | **737** | **1000** |

### പട്ടിക 22

### കൊഴിഞ്ഞുപോയവർ താമസ സ്ഥലത്തിന്റെയടിസ്ഥാനത്തിൽ

| താമസ സ്ഥലം | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| വീട് | 248 | 94.3 |
| ട്രൈബൽ ഹോസ്റ്റൽ | 14 | 5.3 |
| എം.ആർ.എസ്. സ്കൂൾ | 1 | 0.4 |
| **ആകെ** | **263** | **100** |

കൊഴിഞ്ഞുപോയ കുട്ടികളിൽ 94.3 ശതമാനവും വീട്ടിൽ താമസിച്ചു പഠിച്ചിരുന്നവരാണ്. ട്രൈബൽ ഹോസ്റ്റലിൽ താമസിച്ചിരുന്നവരിൽ 5.3 ശതമാനം കുട്ടികൾ കൊഴിഞ്ഞുപോയിയെന്നുള്ളത് ഹോസ്റ്റലുകളുടെ അപര്യാപ്തതയെപ്പറ്റി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന കാര്യമാണ്.

കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങളും കാരണങ്ങളും സംബന്ധിച്ച വിശകലന ത്തിൽ സ്കൂളുകൾ വഹിക്കുന്ന പങ്ക് അവഗണിക്കാനാവില്ല. കൊഴിഞ്ഞുപോയ കുട്ടികളിൽ 16.3 ശത മാനം കുട്ടികൾക്ക് പാഠഭാഗം ഗ്രഹിക്കാനും 13.7 ശതമാനം കുട്ടികൾക്ക് ഹോംവർക്കിൽ സഹായിക്കാൻ ആളുകളില്ലാത്തതുകൊണ്ട് പഠനം തുടരാനും കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. 11 ശതമാനം പേർക്ക് പ്രൈമറി ക്ലാസ്സുകളിൽ അക്ഷര-സംഖ്യാ പഠനങ്ങളിൽ അടിത്തറ ലഭിക്കാത്തതുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ പഠനം ദുഷ്ക്കരമായിരുന്നു. 6.8 ശതമാനം പേർക്ക് പഠന സാമഗ്രികൾ ലഭിക്കാ ത്തതുകൊണ്ട് പഠനം തുടരാൻ സാധിച്ചില്ലെന്നും 4.6 ശതമാനം പേർക്ക് ഭാഷാ പ്രശ്നം തടസ്സമായെന്നും പഠനത്തിൽ കാണുന്നു. 4.9 ശതമാനം പേർ മറ്റുള്ള കുട്ടികളുടെ കളിയാക്കലും അവഗണനയും കൊഴി ഞ്ഞുപോക്കിന് കാരണമായി പറയുമ്പോൾ 2.7 ശതമാനം പേർ അദ്ധ്യാപകരുടെ പെരുമാറ്റത്തിലെ പോരാ യ്മകൾ ചൂണ്ടിക്കാണിക്കുന്നു. സ്കൂളുകളിൽ പ്രത്യേകിച്ച് ജില്ലാ-സംസ്ഥാന തലങ്ങളിൽ നടക്കുന്ന കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പലപ്പോഴും ആദിവാസി കുട്ടികൾക്ക് അവസരം നിഷേ ധിക്കുന്നതായും പരിശീലനം നൽകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നില്ലയെന്നും സർവ്വെയിൽ പങ്കെടുത്ത നിരവധി കുട്ടികൾ അഭിപ്രായപ്പെടുന്നുണ്ട്. ഇത്തരം വിവേചനങ്ങളോടുള്ള പ്രതികരണമായി പല കുട്ടികളും സ്കൂളിൽ പോകുന്നത് അവസാനിപ്പിക്കുന്നു. വീട്ടിലെ സാഹചര്യത്തിന്റെ അത്ര രൂക്ഷമ ല്ലെങ്കിലും ചില സ്കൂളുകളിലെയെങ്കിലും ആദിവാസി സൗഹൃദമല്ലാത്ത അന്തരീക്ഷം കൊഴിഞ്ഞുപോ ക്കിന് കാരണമായിട്ടുണ്ട്. സ്കൂളിലെത്തിച്ചേരാനുള്ള ദൂരക്കൂടുതൽ പരിഹരിക്കുന്നതിനുവേണ്ടി ആരം ഭിച്ച ഗോത്രസാരഥി പദ്ധതിയെപ്പറ്റി സർവ്വെയിൽ പങ്കെടുത്ത കുട്ടികളുടെ പ്രതികരണം ശ്രദ്ധേയമാണ്.

### പട്ടിക 23

### ഗോത്ര സാരഥി പദ്ധതിയുടെ ലഭ്യത

| വിശദാംശങ്ങൾ | പഠനം നിർത്തിയവർ | തുടർച്ചയായി പോകാത്തവർ | തുടർച്ചയായി പോകുന്നവർ | ആകെ |
|---|---|---|---|---|
| ലഭ്യമാണ് | 32 | 17 | 182 | 231 |
| ലഭ്യമല്ല | 126 | 44 | 427 | 597 |
| അറിയില്ല | 34 | 10 | 128 | 172 |
| **ആകെ** | **192** | **71** | **737** | **1000** |

## പട്ടിക 24

### കൊഴിഞ്ഞുപോയവരും
### ഗോത്ര സാരഥി പദ്ധതിയുടെ ലഭ്യതയും

| വിശദാംശങ്ങൾ | കൊഴിഞ്ഞുപോയവർ | ശതമാനം |
|---|---|---|
| ലഭ്യമാണ് | 49 | 18.63 |
| ലഭ്യമല്ല | 170 | 64.64 |
| അറിയില്ല | 44 | 16.73 |
| **ആകെ** | **263** | **100** |

സർവ്വെയിൽ പങ്കെടുത്ത 1000 കുട്ടികളിൽ 231 പേർ മാത്രമാണ് അവരുടെ സ്കൂളുകളിൽ ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണെന്ന് പറഞ്ഞിട്ടുള്ളൂ. 172 പേർക്ക് ഗോത്രസാരഥി പദ്ധതിയുള്ളതായിട്ടുപോലും അറിയില്ല.

ഒട്ടേറെ വിദ്യാഭ്യാസ സഹായ പദ്ധതികൾ ആരംഭിക്കുമ്പോഴും അവയുടെ പ്രയോജനം ഏറ്റവും അർഹതപ്പെട്ടവരിലേക്ക് എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾക്ക് കഴിയുന്നില്ലായെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.





***<u>കൊഴിഞ്ഞുപോക്ക് തടയാനുള്ള നിർദ്ദേശങ്ങൾ</u>***

വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി കുട്ടികളും അവരുടെ രക്ഷിതാക്കളും നിർദ്ദേശിച്ച കാര്യങ്ങൾക്ക് വിദ്യാഭ്യാസ വികസന പദ്ധതികളുടെ ആവിഷ്ക്കരണത്തിലും നടത്തിപ്പിലും പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

കൊഴിഞ്ഞുപോക്ക് തടയാനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ എന്ന ചോദ്യത്തിന് സർവ്വെയിൽ പങ്കെടുത്ത 1000 കുട്ടികളിൽ നിന്നും അവരുടെ രക്ഷിതാക്കളിൽ നിന്നും ലഭിച്ച വിവിധ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 25**

**കൊഴിഞ്ഞുപോക്ക് തടയാനുള്ള നിർദ്ദേശങ്ങൾ (കുട്ടികൾ)**

| ക്ര. നം. | വിശദാംശങ്ങൾ | എണ്ണം | ശതമാനം |
|---|---|---|---|
| 1 | മെച്ചപ്പെട്ട കുടുംബാന്തരീക്ഷം | 347 | 34.7 |
| 2 | രക്ഷിതാക്കളുടെ പ്രോത്സാഹനം | 509 | 50.9 |
| 3 | ട്രൈബൽ ഹോസ്റ്റലുകളിൽ താമസിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കൽ | 504 | 50.4 |
| 4 | എം. ആർ. എസ്. സ്കൂളിലെ പഠനം | 127 | 12.7 |
| 5 | പഠന പ്രോത്സാഹന പരിപാടികൾ | 359 | 35.9 |
| 6 | ലംപ്സം ഗ്രാന്റ് അദ്ധ്യയന വർഷാരംഭത്തിൽ ലഭ്യമാക്കൽ | 307 | 30.7 |
| 7 | പഠന സാമഗ്രികളുടെ ലഭ്യത | 240 | 24.0 |
| 8 | ആദിവാസി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ | 222 | 22.2 |
| 9 | ആവശ്യാനുസരണം വസ്ത്രങ്ങളും യൂണിഫോമും ലഭ്യമാക്കൽ | 200 | 20.0 |
| 10 | കലാ-കായിക മേഖലകളിൽ പ്രത്യേക പരിശീലനം നൽകൽ | 196 | 19.6 |
| 11 | കൗൺസിലിംഗ് ലഭ്യമാക്കൽ | 184 | 18.4 |
| 12 | പ്രൈമറി ക്ലാസ്സുകളിൽ ആദിവാസി ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകൽ | 146 | 14.6 |
| 13 | യാത്രാക്ലേശം പരിഹരിക്കൽ | 339 | 33.9 |
| 14 | പഠനവീട് സാധ്യമാക്കൽ | 467 | 46.7 |

പട്ടികയിലെ ഒന്നും രണ്ടും നിർദ്ദേശങ്ങൾ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ട വീടുകളിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ളവയും മൂന്നും നാലും നിർദ്ദേശങ്ങൾ ഹോസ്റ്റൽ സൗകര്യം സംബന്ധിച്ചുള്ളവയും 5 മുതൽ 12 വരെയുള്ളവ സ്കൂളുകളുമായി ബന്ധപ്പെട്ടവയുമാണ്. യാത്രാക്ലേശം പരിഹരിച്ചും ഊരുകളിൽ പഠനവീടുകൾ ആരംഭിച്ചും സ്കൂൾ പഠനത്തിന് സഹായം നൽകാനും കുട്ടികൾ നിർദ്ദേശിക്കുന്നു.

കൊഴിഞ്ഞുപോക്ക് തടയാൻ കുട്ടികൾ നിർദ്ദേശിച്ച കാര്യങ്ങൾ സൂചിപ്പിക്കുന്നത് പഠിക്കാൻ വലിയൊരു ശതമാനം കുട്ടികൾക്കും താൽപ്പര്യമുണ്ടെന്നും എന്നാൽ നിയമങ്ങളിലൂടെയും വിവിധ പദ്ധതികളിലൂടെയും നിർദ്ദേശിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഇല്ലാതാക്കാൻ വേണ്ടത്ര പരിശ്രമങ്ങൾ നടക്കുന്നില്ലെന്നുമാണ്.

**പട്ടിക 26**

**കൊഴിഞ്ഞുപോക്ക് തടയാനുള്ള നിർദ്ദേശങ്ങൾ (രക്ഷിതാക്കൾ)**

| ക്ര. നം. | വിശദാംശങ്ങൾ | എണ്ണം | ശതമാനം |
|---|---|---|---|
| 1 | കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നൽകുക | 56 | 15.1 |
| 2 | രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നൽകുക | 55 | 14.8 |
| 3 | രക്ഷിതാക്കൾ പ്രോത്സാഹനം നൽകുക | 31 | 8.4 |
| 4 | കുട്ടികളുടെ പഠിക്കാനുള്ള നിരന്തര പരിശ്രമം | 15 | 4.0 |
| 5 | മദ്യപാനം നിർത്തുക | 10 | 2.7 |
| 6 | ട്രൈബൽ ഹോസ്റ്റൽ സൗകര്യം വർദ്ധിക്കുക | 188 | 50.7 |
| 7 | പഠന പ്രോത്സാഹന പരിപാടികൾ വർദ്ധിപ്പിക്കുക | 36 | 9.7 |
| 8 | പഠനത്തെക്കുറിച്ച് ദിശാബോധം നൽകുക | 24 | 6.5 |
| 9 | വിദ്യാഭ്യാസം നിർബന്ധിതമാക്കജശ | 7 | 1.9 |
| 10 | ആദിവാസി കുട്ടികളോട് പ്രത്യേക പരിഗണന കാണിക്കുക | 3 | 0.8 |
| 11 | പഠന സാമഗ്രികൾ ലഭ്യമാക്കുക | 2 | 0.5 |
| 12 | യാത്രാക്ലേശം പരിഹരിക്കുക | 35 | 9.4 |
| 13 | പഠന വീട് സാധ്യമാക്കുക | 26 | 7.0 |
| 14 | ട്യൂഷൻ ലഭ്യമാക്കുക | 19 | 5.1 |
| 15 | സാമ്പത്തിക സഹായം നൽകുക | 12 | 3.2 |
| 16 | കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുക | 11 | 3.0 |
| 17 | പ്രഭാത ഭക്ഷണം/ഉച്ച ഭക്ഷണം ഉറപ്പാക്കുക | 1 | 0.3 |

സർവ്വെയിൽ പങ്കെടുത്ത കുട്ടികളുടെ വീടുകളിൽ ഉണ്ടായിരുന്ന 371 രക്ഷിതാക്കളിൽ 50.7% അഭിപ്രായപ്പെട്ടത് ട്രൈബൽ ഹോസ്റ്റലുകളിലെ സൗകര്യം വർദ്ധിപ്പിക്കണമെന്നും 15% നിർദ്ദേശിച്ചത് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം രക്ഷിതാക്കളിലും കുട്ടികളിലും വളർത്തണമെന്നുമാണ്. ട്രൈബൽ ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന കുട്ടികൾക്ക് പഠിക്കാനാവശ്യമായ സൗകര്യമില്ലാത്തതുകൊണ്ട് കുട്ടികൾ കൊഴിഞ്ഞുപോകാറുണ്ടെന്നും വയനാട്ടിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം കുറവാണെന്നും പഠനം വ്യക്തമാക്കുന്നു.

# അദ്ധ്യായം – 5

## പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

1) വയനാട്ടിലെ ആദിവാസി കുട്ടികളിൽ കൊഴിഞ്ഞുപോക്ക് വളരെ വ്യാപകമാണെന്നാണ് പഠനം വ്യക്തമാക്കുന്നത്. സർവ്വെയിൽ പങ്കെടുത്തവരിൽ 26.3 ശതമാനം കുട്ടികളും കൊഴിഞ്ഞുപോയവരാണ്. പണിക്കുപോയ കുട്ടികളുടെ വിവരങ്ങൾക്കൂടി ശേഖരിച്ചിരുന്നെങ്കിൽ വയനാട് ജില്ലയിലെ കൊഴിഞ്ഞുപോക്കിന്റെ ശതമാനം 35 എങ്കിലും ആകാനാണ് സാധ്യത.
2) കൽപ്പറ്റ, ബത്തേരി ബ്ലോക്കുകളിൽ ആനുപാതികമായി കൊഴിഞ്ഞുപോക്ക് കൂടുതലാണെന്നാണ് പഠനം സൂചിപ്പിക്കുന്നത്.
3) പണിയ സമുദായാംഗങ്ങളിൽ കൊഴിഞ്ഞുപോക്ക് (75.3%) മറ്റ് സമുദായാംഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.
4) പ്രായം കൂടുന്നതനുസരിച്ച് കൊഴിഞ്ഞുപോക്കിന്റെ ശതമാനം വർദ്ധിക്കുന്നതായി പഠനം വ്യക്തമാക്കുന്നു. ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലുള്ള കുട്ടികളിൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്.
5) വയനാട് ജില്ലയിൽ പെൺകുട്ടികളെ അപേക്ഷിച്ച് കൊഴിഞ്ഞുപോക്ക് കൂടുതൽ ആൺകുട്ടികളിലാണെന്ന് പഠനം വ്യക്തമാക്കുന്നു. കൊഴിഞ്ഞുപോയവരിൽ 61 ശതമാനം പേരും ആൺകുട്ടികളാണ്.
6) തുടർച്ചയായി സ്കൂളിൽ പോകാത്ത 71 കുട്ടികളിൽ 60.6 ശതമാനം കുട്ടികളും 15 ദിവസത്തിൽ കൂടുതൽ സ്കൂളിൽ ഹാജരാകാത്തവരാണ്. പ്രായോഗികമായി ഇവരെയും പഠനം നിർത്തിയവരായി കാണേണ്ടിവരും.
7) പഠനം നിർത്തിയവരിൽ 78.13 ശതമാനം പേർ പഠനം നിർത്തിയിട്ട് ഒരു വർഷത്തിൽ കൂടുതലും 11.98 ശതമാനം കുട്ടികൾ പഠനം നിർത്തിയിട്ട് 6 മാസം മുതൽ ഒരു വർഷം വരെയും ആയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് പഠനം നിർത്തുന്ന കുട്ടികളുടെ കാര്യത്തിൽ വേണ്ട അന്വേഷണം നടത്താനോ അവരെ തിരികെ സ്കൂളിലെത്തിക്കാനോ പട്ടികവർഗ്ഗ വകുപ്പിനും വിദ്യാഭ്യാസ വകുപ്പിനും കഴിയുന്നില്ലായെന്നതാണ്.
8) പഠനം നിർത്തിയ കുട്ടികളിൽ പകുതിയിലേറെപ്പേരും വെറുതെ വീട്ടിലിരിക്കുന്നവരാണ്. കാര്യമായ ശ്രമം നടത്തിയാൽ ഇവരെ തിരികെ സ്കൂളിൽ പ്രവേശിപ്പിക്കാൻ സാധിക്കും. കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ സ്കൂളിലെത്തിക്കാൻ നിലവിലുള്ള സംവിധാനങ്ങളെ കൂടുതൽ ചലനാത്മകമാക്കേണ്ടതുണ്ട്.
9) പഠനം നിർത്തിയ കുട്ടികളിൽ 31.8 ശതമാനം പേർ കൂലിപ്പണിക്ക് പോകുന്നവരാണ്. ആദിവാസികൾക്കിടയിൽ ബാലവേല വ്യാപകമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.
10) പഠനം നിർത്തിയ കുട്ടികളിൽ 60 ശതമാനത്തിലേറെപ്പേർ തുടർന്ന് പഠിക്കാനോ അല്ലെങ്കിൽ തുല്യതാ പരീക്ഷ എഴുതാനോ ആഗ്രഹിക്കുന്നവരാണെന്ന് പഠനം വ്യക്തമാക്കുന്നു.
11) ആദിവാസി കുടുംബങ്ങളിൽ പഠനാന്തരീക്ഷം ഇല്ലാത്തതാണ് കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണം. കൊഴിഞ്ഞുപോയവരിൽ 94.3 ശതമാനം പേരും വീട്ടിൽ താമസിച്ച് പഠിച്ചിരുന്നവരാണ്.
12) ഊര് കേന്ദ്രീകരിച്ച് പഠനവീട് ആരംഭിക്കുന്നത് കൊഴിഞ്ഞുപോക്ക് തടയാൻ സഹായിക്കുമെന്ന് 46.7 ശതമാനം കുട്ടികൾ അഭിപ്രായപ്പെടുന്നുണ്ട്.

13) പ്രൈമറി ക്ലാസ്സുകളിൽ അക്ഷര-സംഖ്യാ പഠനത്തിൽ അടിത്തറ ലഭിക്കാത്തതും ഹോംവർക്കിൽ സഹായിക്കാൻ വീട്ടിൽ ആളില്ലാത്തതും കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്നു.

14) പ്രതികരിച്ചവരുടെ ശതമാനം കുറവാണെങ്കിലും ആദിവാസി സൗഹൃദാന്തരീക്ഷം ഇല്ലാത്ത സ്കൂളുകളും അദ്ധ്യാപകരുടെ ഭാഗത്തുനിന്നുള്ള വിവേചനവും കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

15) സ്കൂളിൽ പോകാതെ കൂലിപ്പണിക്ക് പോകുന്ന കൂട്ടുകാരുടെ ദു:സ്വാധീനം മറ്റ് കുട്ടികൾക്ക് പഠനം നിർത്താൻ പലപ്പോഴും പ്രേരണയാകുന്നു.

16) കൊഴിഞ്ഞുപോക്ക് തടയാൻ ആദിവാസി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണമെന്നും (22.2%) ആദിവാസി ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും (14.6%) കുട്ടികൾ നിർദ്ദേശിക്കുന്നു.

17) ആദിവാസി കുട്ടികൾക്ക് പട്ടികവർഗ്ഗ വകുപ്പ് നൽകുന്നുവെന്ന് പറയുന്ന ആനുകൂല്യങ്ങൾ പലപ്പോഴും അപര്യാപ്തമാണെന്ന് മാത്രവുമല്ല യഥാസമയം ലഭ്യമല്ലാത്തതുമാണ്.

18) 1000 കുട്ടികൾ പങ്കെടുത്ത സർവ്വെയിൽ 23 ശതമാനം മാത്രമാണ് ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതായി പറഞ്ഞിട്ടുള്ളൂ. 172 കുട്ടികൾ ഈ പദ്ധതിയെക്കുറിച്ച് കേട്ടിട്ടുപോലുമില്ലായെന്ന് പഠനം വ്യക്തമാക്കുന്നു. കൊഴിഞ്ഞുപോക്ക് തടയാൻ യാത്രാക്ലേശം പരിഹരിക്കണമെന്ന് 33.9 ശതമാനം കുട്ടികൾ അഭിപ്രായപ്പെടുന്നുണ്ട്.

19) കൊഴിഞ്ഞുപോയ 263 കുട്ടികളിൽ 64.6 ശതമാനം പേർക്കും ഗോത്രസാരഥി പദ്ധതിയുടെ പ്രയോജനം ലഭിച്ചിരുന്നില്ല.




# <u>അദ്ധ്യായം – 6</u>

# ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

## *6.1 ബാലാവകാശ കമ്മീഷൻ വിളിച്ചുചേർത്ത യോഗം*

വയനാട് ജില്ലയിൽ *Zero Dropout Programme* നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2015 മെയ് 26-ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ബാലാവകാശ കമ്മീഷൻ മെമ്പർ, ചൈൽഡ് വെൽഫെയർ കമ്മറ്റി ചെയർമാൻ, സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, പ്രൊമോട്ടർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് നീതിവേദി നടത്തിയ പഠനത്തിന്റെ പ്രാഥമിക കണ്ടെത്തലുകൾ അവതരിപ്പിച്ചു. 30 ശതമാനത്തോളം വിദ്യാർത്ഥികൾ പഠനം നിർത്തിയിട്ടുണ്ടെന്നും പഠനം നിർത്തിയവരിൽ കൂടുതലും പട്ടികവർഗ്ഗക്കാരായ അടിയ, പണിയ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണെന്നും ചർച്ചയിൽ എടുത്തുപറയുകയുണ്ടായി.

യഥാർത്ഥത്തിലുളള കൊഴിഞ്ഞുപോക്കും സ്കൂൾ രേഖ പ്രകാരമുള്ള വിവരങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടെന്നും ജില്ലയിൽ കൂടുതൽ എം. ആർ. എസ്. സ്കൂളുകളും ഹോസ്റ്റലുകളും ആരംഭിക്കണമെന്നും കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആദിവാസി കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ഫസിലിറ്റേറ്റർമാരെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്നും കായിക മേഖലയിൽ കഴിവുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പിന്തുണയും സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും ഗോത്രസാരഥി, പഠനവീട് തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണമെന്നും അവധിക്കാലങ്ങളിൽ ഊരുകളിൽ പഠനക്യാമ്പ് സംഘടിപ്പിക്കണമെന്നും ചർച്ച യിൽ പങ്കെടുത്ത അംഗങ്ങൾ അഭിപ്രായപ്പെട്ടു. കൂടാതെ, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ശാശ്വതമായി തടയുന്നതിന് സ്ഥിരമായുള്ള മോണിറ്ററിംഗ് സംവിധാനം ആവശ്യമാണെന്നും പട്ടികവർഗ്ഗക്കാർ കൂടുതലുള്ള വയനാട് ജില്ലയിൽ പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഐ. എ. എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിലേക്ക് അറിയിക്കണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതായും പാഠ്യവിഷയങ്ങൾ ആദിവാസി ഭാഷയിൽകൂടി പഠിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും എസ്. എസ്. എൽ. സി. കഴിഞ്ഞ എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ്‌വൺ പ്രവേശനം ഉറപ്പുവരുത്തുന്നതിനായി *മിഷൻ പ്ലസ് വൺ* എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടെന്നും ജില്ലയിൽ 3 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കുമെന്ന് ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽവെച്ച് പ്രഖ്യാപിച്ചിട്ടുള്ളതായും സ്കൂൾ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്, ആധാർ തുടങ്ങിയ രേഖകൾ നിർബന്ധമാക്കരുതെന്നും കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള നടപടികൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചു.

### *6.2 ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗം*

വയനാട് ജില്ലയിൽ *Zero Dropout Programme* നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2015 സെപ്റ്റംബർ ഒന്നിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ബാലാവകാശ കമ്മീഷൻ മെമ്പർ, ചൈൽഡ് വെൽഫെയർ കമ്മറ്റി ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റുമാർ/പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ആദിവാസി സംഘടനാ പ്രതിനിധികൾ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, സ്കൂൾ കൗൺസിലേഴ്സ് തുടങ്ങിയവർ പങ്കെടുത്ത ചർച്ചയിൽ വയനാട് ജില്ലയിലെ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് നീതിവേദി നടത്തിയ പഠനത്തിലെ കണ്ടെത്തലുകളും നിരീക്ഷണങ്ങളും അവതരിപ്പിച്ചു.

പട്ടികവർഗ്ഗക്കാർക്കിടയിലെ ഭാഷാപ്രശ്നവും രക്ഷിതാക്കളിൽ നിന്ന് വേണ്ടത്ര പിന്തുണ ലഭിക്കാത്തതും വീടുകളിൽ അടിസ്ഥാന സൗകര്യമില്ലാത്തതും രക്ഷിതാക്കളുടെ അമിത മദ്യപാനവും വിദ്യാഭ്യാസ യോഗ്യതയുള്ളവർ തന്നെ തൊഴിൽ രഹിതരായി കഴിയുന്നതിനാൽ ഊരുകളിൽ വിദ്യാർത്ഥികൾക്ക് അനുകരിക്കാൻ മാതൃകയില്ലാതെ പോകുന്നതും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നുണ്ടെന്ന് ചർച്ചയിൽ അംഗങ്ങൾ അഭിപ്രായപ്പെട്ടു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ഗ്രാന്റ് ലഭിക്കുന്നതിലെ കടുത്ത നടപടിക്രമങ്ങൾ മൂലം ഉന്നതപഠനം നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് ആദിവാസി പ്രതിനിധികൾ അഭിപ്രായപ്പെട്ടു. ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഫീൽഡ് പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും ജനപ്രതിനിധികളുടെയും സഹകരണവും ഏകോപനവും ആവശ്യമാണെന്നും പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടുന്ന കമ്മിറ്റി എല്ലാ മാസവും ഈ പ്രശ്നം സംബന്ധിച്ച വിലയിരുത്തൽ നടത്തേണ്ടതാണെന്നും യോഗത്തിൽ ധാരണയായി.

കൂടാതെ ജില്ലയിൽ കൂടുതൽ എം. ആർ. എസ്. സ്കൂളുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും അനുവദിക്കണമെന്നും പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തി കുട്ടികൾക്ക് പഠിക്കാനനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കണമെന്നും ആദിവാസി കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഫസിലിറ്റേറ്റർമാരെ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നും പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസത്തിനായി നടപ്പിലാക്കിയിട്ടുള്ള ഗോത്രസാരഥി, പഠനവീട് തുടങ്ങിയ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ടെന്നും സർവ്വ ശിക്ഷ അഭിയാന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകണമെന്നും നിർദ്ദേശമുണ്ടായി.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി വിദ്യാമിത്രം പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമെന്നും വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് ശിൽപ്പശാല സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ജില്ലാതലത്തിൽ അവലോകന യോഗം ചേർന്ന് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, ബാലവേല, കൊഴിഞ്ഞുപോക്ക്, ശൈശവ വിവാഹം എന്നിവ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും ജില്ലാ കളക്ടർ ഉറപ്പുനൽകുകയും ചെയ്തു.

### 6.3 ആദിവാസി യുവജനങ്ങളുടെ യോഗം

2015 ഓഗസ്റ്റ് 30-ന് മാനന്തവാടി പാവനാ സെന്ററിൽ ആദിവാസി യുവജനങ്ങൾക്കായി നീതി വേദി സംഘടിപ്പിച്ച ക്യാമ്പിലെ 32 അംഗങ്ങളുമായി ഗവേഷണ പഠനത്തിലെ കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ പങ്കുവെച്ച കൊഴിഞ്ഞുപോക്കിനുളള കാരണങ്ങളും തടയാനുളള മാർഗ്ഗനിർദ്ദേശങ്ങളും രേഖപ്പെടുത്തുകയും ചെയ്തു. കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങളായി ഇവർ അഭിപ്രായപ്പെട്ടത് കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കൾ താൽപ്പര്യമെടുക്കാത്തതും പ്രോത്സാഹിപ്പിക്കാത്തതുമാണെന്നാണ്. മറ്റ് കാരണങ്ങളായി പറഞ്ഞത് വീട്ടിൽ പഠനാന്തരീക്ഷം ഇല്ലാത്തതും ശൈശവ വിവാഹവും ആൺകുട്ടികളെ സീസണൽ ജോലിക്കും പെൺകുട്ടികളെ വീട്ടുജോലിക്കും പോകാൻ രക്ഷിതാക്കൾ നിർബന്ധിക്കുന്നതുമാണെന്നാണ്.

പത്താം ക്ലാസ്സിനുശേഷം ഇംഗ്ലീഷ് ഭാഷയിലുളള തുടർ പഠനങ്ങൾ കുട്ടികൾക്ക് ബുദ്ധിമുട്ടാണെന്നും കൂലിപ്പണിക്ക് പോകുന്ന കുട്ടികൾക്ക് വേതനം ലഭിക്കുന്നതുകൊണ്ട് അവരുടെ ജീവിത രീതിയിലുളള വ്യത്യാസം സ്കൂളിൽ പോകുന്ന കുട്ടികളെ പ്രലോഭിപ്പിക്കുന്നുണ്ടെന്നും അവർ സൂചിപ്പിച്ചു. സ്കൂളിൽ പോകാതെ സീസണൽ ജോലിക്ക് പോയതിനുശേഷവും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുത്തതിനുശേഷവും വീണ്ടും സ്കൂളിലേക്ക് പോകാനുളള താൽപ്പര്യമില്ലായ്മയും കുട്ടികളുടെ എണ്ണം കൂടുതലുളള വീടുകളിൽ മുതിർന്ന കുട്ടികൾക്ക് ഇളയ കുട്ടികളെ പരിപാലിക്കേണ്ട ഉത്തരവാദിത്വവും കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനായുളള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ രേഖകളില്ലാത്തതും ബന്ധപ്പെട്ട നടപടിക്രമങ്ങളും വിദ്യാസമ്പന്നരായ കുട്ടികൾ തൊഴിൽ രഹിതരായി ജീവിക്കുന്നത് കാണുമ്പോൾ പഠിക്കുന്നതുകൊണ്ട് ഗുണമില്ലെന്നുളള ചിന്തയും ഊരുകളിൽ കുട്ടികൾക്ക് അനുകരിക്കാൻ മാതൃകയില്ലാത്തതും കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളായി സൂചിപ്പിച്ചു.

കൊഴിഞ്ഞുപോക്ക് തടയാൻ ആദിവാസി യുവജനങ്ങൾ നിർദ്ദേശിച്ചത് ആദിവാസി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക നിയമന നടപടികൾ സ്വീകരിക്കണമെന്നും കുട്ടികളുടെ വിദ്യാഭ്യാസം അവഗണിക്കുന്ന രക്ഷിതാക്കൾക്കെതിരെ നിയമ നടപടികൾ എടുക്കണമെന്നും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നുമാണ്. പട്ടികവർഗ്ഗ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ യോഗ്യരായ ആദിവാസികളെ നിയമിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കലാ-കായിക മേഖലകളിൽ മികവുളള ആദിവാസി വിദ്യാർത്ഥികൾക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണമെന്നും നിർദ്ദേശമുണ്ടായി.

### 6.4 ഉണർവ്വ് പഠനക്കളരി

പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനത്തിന്റെ ഭാഗമായി കൂടുതൽ കുട്ടികളുളള പത്ത് ഊരുകളിൽ നീതിവേദി പരീക്ഷണാടിസ്ഥാനത്തിൽ നാല് മാസത്തേക്ക് പഠനക്കളരികൾ നടത്തുകയുണ്ടായി. ഓരോ ഊരിലും പത്താം ക്ലാസ്സിനുമുകളിൽ വിദ്യാഭ്യാസ യോഗ്യത നേടിയ ആദിവാസി യുവാവ്/യുവതിയുടെ നേതൃത്വത്തിൽ കുട്ടികളെ അവരുടെ ഹോംവർക്കിൽ സഹായിക്കാനും സ്കൂളിൽ നിന്നും പഠിപ്പിച്ച പാഠഭാഗങ്ങളിലുളള സംശയ ദൂരീകരണം നടത്താനും കുട്ടികൾ കൃത്യമായി സ്കൂളിൽ പോകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാണ് ഈ പഠനക്കളരികളിലൂടെ ശ്രമിച്ചത്. വൈകുന്നേരങ്ങളിൽ സ്കൂൾ കഴിഞ്ഞുവരുന്ന കുട്ടികൾക്ക് മാതാപിതാക്കളുടെ സഹായത്തോടെ ലഘുഭക്ഷണവും നൽകുകയുണ്ടായി. പഠനക്കളരികളിൽ വന്നുകൊണ്ടിരുന്ന അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി

കൾക്കുവേണ്ടി എല്ലാ രണ്ടാം ശനിയാഴ്ചകളിലും തുടർന്നുള്ള ഞായറാഴ്ചകളിലും പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

പഠനക്കളരികളിലെ കുട്ടികളിൽ പഠനത്തോടുള്ള താൽപ്പര്യം വർദ്ധിക്കുന്നുണ്ടെന്നും ഏതാണ്ട് എല്ലാ കുട്ടികളും തുടർച്ചയായി സ്കൂളിൽ പോകുന്നുണ്ടെന്നും കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട റിസൽട്ട് ഓണപ്പരീക്ഷയ്ക്ക് കിട്ടിയതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സംരംഭത്തിലൂടെ കുട്ടികളുടെ രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കാനും സാധിച്ചു.





# അദ്ധ്യായം – 7

## ശുപാർശകൾ (*Recommendations*)

ഗവേഷണ പഠനത്തിന്റെയും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി കേരള സർക്കാർ, സംസ്ഥാന ബാലാവകാശ കമ്മീഷൻ, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ സംവിധാനങ്ങൾ എന്നിവയുടെ പരിഗണനക്കായി താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. **ആദിവാസി അദ്ധ്യാപകർ**:– ആദിവാസി കുട്ടികൾ പഠിക്കുന്ന എല്ലാ സ്കൂളുകളിലും യോഗ്യത നേടിയ ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി അദ്ധ്യാപകരായി നിയമിക്കുക. ആദിവാസി മേഖലകളിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും അതാത് പ്രദേശത്തെ ആദിവാസി ഭാഷ സംബന്ധിച്ച് പരിശീലനം നൽകുക.

2. **ഫസിലിറ്റേറ്റർമാർ**:– സകൂളുകൾ കേന്ദ്രീകരിച്ച് പണിയ, കാട്ടുനായ്ക്ക, അടിയ വിഭാഗത്തിൽ നിന്നും കുറഞ്ഞത് ബിരുദ യോഗ്യതയുള്ളവരെ 40 കുട്ടികൾക്ക് ഒരാൾ എന്ന തോതിൽ ട്രൈബൽ ഫസിലിറ്റേറ്റർമാരായി നിയമിക്കുക. സ്കൂളിൽ വരുന്ന കുട്ടികളുടെ ക്ഷേമം അന്വേഷിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കാനും പഠനത്തോടൊപ്പം കലാ-കായിക രംഗങ്ങളിൽ അവരെ പ്രോത്സാഹിപ്പിക്കാനും തുടർച്ചയായി സ്കൂളിൽ എത്താത്ത കുട്ടികളുടെ കാര്യം ഊരുകളിൽ പോയി അന്വേഷിക്കാനും ഫസിലേറ്റർമാർക്ക് ചുമതല നൽകണം.

3. **ഹോസ്റ്റലുകൾ**:– ജില്ലയിൽ കൂടുതൽ എം. ആർ. എസ്. സ്കൂളുകൾ ആരംഭിക്കുക. എല്ലാ എം. ആർ. എസ്. സ്കൂളുകളിലും ട്രൈബൽ ഹോസ്റ്റലുകളിലും പ്ലസ് ടു വരെയുള്ള കുട്ടികളെ പ്രവേശിപ്പിക്കാനുള്ള സൗകര്യമൊരുക്കുക. ജില്ലയിൽ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ആരംഭിച്ച് ഉയർന്ന വിദ്യാഭ്യാസത്തിനായി ആദിവാസി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. എല്ലാ ട്രൈബൽ ഹോസ്റ്റലുകളിലെയും ജീവനക്കാർ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തുക.

4. **ഏകജാലക സംവിധാനം**:– ഹയർ സെക്കന്ററി, ഡിഗ്രി പഠനങ്ങളിൽ ഏകജാലക വിദ്യാഭ്യാസ രീതി നിലനിൽക്കുന്നത് ആദിവാസി കുട്ടികളുടെ ഉപരിപഠനം പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഓൺലൈൻ സംവിധാനത്തിലൂടെ പ്രവേശനം നേടുന്നതിലുള്ള ബുദ്ധിമുട്ടും യാതൊരു പരിചയവുമില്ലാത്ത സ്കൂളിലേക്ക് പോകാനുള്ള വൈമനസ്യവും തുടർപഠനം ഉപേക്ഷിക്കാൻ കാരണമാകുന്നുണ്ട്. ആദിവാസി കുട്ടികൾക്ക് ഏകജാലക വ്യവസ്ഥ ബാധകമാക്കാതെ അവർ പഠിച്ച സ്കൂളിലോ ഊരിനോട് ഏറ്റവും അടുത്ത സ്കൂളിലോ അവർക്ക് താൽപ്പര്യമുള്ള വിഷയമെടുത്ത് പഠിക്കാൻ അനുവദിക്കുക.

5. **കലാ–കായിക പരിശീലനം**:– ആദിവാസി കുട്ടികൾക്കായി സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുകയും എല്ലാ സ്കൂളുകളിലും ആദിവാസി കുട്ടികൾക്ക് കലാ-കായിക മേഖലകളിൽ പ്രത്യേക പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

6. **ആദിവാസി ഭാഷ:-** ആദിവാസി കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ആദിവാസി ഭാഷാ മാധ്യമത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക. പ്രൈമറി ക്ലാസ്സുകളിലെങ്കിലും ആദിവാസി ഭാഷ ഒരു വിഷയമായി പഠിപ്പിക്കുക.

7. **ബോധവൽക്കരണ പരിപാടി:-** രക്ഷിതാക്കൾക്ക് ഓരോ ടേമിന്റെയും ആരംഭത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഏകദിന ബോധവൽക്കരണ സെമിനാറുകൾ നടത്തുക. രക്ഷിതാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകി ലഹരി ഉപയോഗം കുറയ്ക്കാനും ഊരുകളിലും കുടുംബങ്ങളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്താനും സഹായിക്കുക.

8. **പഠന പ്രോത്സാഹന പരിപാടി:-** ആദിവാസി കുട്ടികൾക്കുവേണ്ടി പ്രത്യേക പഠന പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കുക.

9. **ആനുകൂല്യങ്ങൾ:-** ആദിവാസി വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റുകൾ പണമായി നൽകാതെ പഠന സാമഗ്രികളായും വസ്ത്രങ്ങളായും അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ നൽകുക.

10. **ഗോത്രസാരഥി:-** അകലെ കഴിയുന്ന കുട്ടികളെ സ്കൂളിലെത്തിക്കാനായി ആരംഭിച്ച ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലാ സ്കൂളുകളിലെയും അർഹതപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കുക.

11. **കൗൺസിലിംഗ്:-** കുട്ടികളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുക.

12. **പരാതിപ്പെട്ടി:-** സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും അതിന്റെ ഉത്തരവാദിത്തം ചൈൽഡ് വെൽഫെയർ കമ്മിറ്റി ഏറ്റെടുക്കുകയും ചെയ്യുക.

13. **പഠനവീട്:-** ഊരുകൾ കേന്ദ്രീകരിച്ച്, ആദിവാസി കുട്ടികൾക്ക് സായാഹ്നങ്ങളിൽ പഠിക്കുന്നതിനായി പ്ലസ്ടുവരെയെങ്കിലും പഠിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ട ട്യൂട്ടറുടെ നേതൃത്വത്തിൽ പഠന വീടുകൾ തുടങ്ങുക. ഹോംവർക്ക് ചെയ്യാനും പാഠഭാഗങ്ങളിലെ സംശയ ദുരീകരണം നടത്താനും ട്യൂട്ടർ കുട്ടികളെ സഹായിക്കണം. കുട്ടികൾ സ്കൂളിൽ സ്ഥിരമായി പോകുന്നുവെന്ന് ഉറപ്പാക്കാനും രക്ഷിതാക്കളുമായി നല്ല ബന്ധം സ്ഥാപിക്കാനുമുള്ള ഉത്തരവാദിത്തവും ട്യൂട്ടർക്കായിരിക്കും.

14. **പ്രഭാത ഭക്ഷണം:-** രക്ഷിതാക്കൾ പണിക്കുപോകുന്നതിനാൽ ആദിവാസി കുട്ടികൾ പ്രഭാത ഭക്ഷണം കഴിക്കാതെ സ്കൂളിലെത്തുന്ന സാഹചര്യം ഒഴിവാക്കാൻ പട്ടികവർഗ്ഗ വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് ഊരുകളിൽ സമൂഹ അടുക്കള സ്ഥാപിച്ച് കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുക.

15. **ബാലവേല തടയൽ:-** കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ബാലവേല നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തുകൊണ്ട് കുട്ടികൾ സ്കൂളിലെത്തുന്നതിനായുള്ള സാഹചര്യമൊരുക്കുക.

16. **നിയമ നടപടി:-** സ്കൂളിൽ പോകാൻ വിമുഖത കാണിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കെതിരെ ബാലനീതി നിയമ (*JJAct*) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക.

17. **പഞ്ചായത്ത് മോണിറ്ററിംഗ് സമിതി:-** ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് വിലയിരുത്തൽ നടത്തി തുടർ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സമിതി രൂപവൽക്കരിക്കുകയും അതിൽ പഞ്ചായത്ത് മെമ്പർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ജനമൈത്രി പോലീസ്, കമ്മിറ്റഡ് സോഷ്യൽ വർക്കർ, സാമൂഹ്യ പ്രവർത്തകർ, എ.ഡി.എസ്., പ്രൊമോട്ടർമാർ, ട്രൈബൽ ഫസിലിറ്റേറ്റർമാർ, അദ്ധ്യാപക പ്രതിനിധികൾ, എൻ. ജി. ഒ. പ്രതിനിധികൾ, ആദിവാസി സംഘടനാ പ്രതിനിധികൾ എന്നിവരെയുൾപ്പെടുത്തുകയും ചെയ്യുക.

*18.* **ജില്ലാ മോണിറ്ററിംഗ് സമിതി:-** കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ജില്ലാ മോണിറ്ററിംഗ് സമിതി രൂപവൽക്കരിച്ച് അതിൽ ജില്ലാ പോലീസ് മേധാവി, സി. ഡബ്ല്യു. സി. ചെയർമാൻ, വിദ്യാഭ്യാസ വകുപ്പ് മേധാവികൾ, പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, എൻ. ജി. ഒ. പ്രതിനിധികൾ, പ്രസ്സ് ക്ലബ് സെക്രട്ടറി, ആദിവാസി സംഘടനാ പ്രതിനിധികൾ എന്നിവരെയുൾപ്പെടുത്തുക.





## ***ഉപസംഹാരം***

ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് വയനാട് ജില്ലയിൽ നടത്തിയ പഠനം കേരളത്തിലെ മറ്റേത് പ്രദേശങ്ങളിലും അധിവസിക്കുന്ന ആദിവാസികളുടെ കാര്യത്തിലും പ്രസക്തമാണ്. ഈ വിഷയത്തിൽ മുമ്പ് നടത്തിയ വിവിധ പഠനങ്ങളിലെ കണ്ടെത്തലുകളോട് യോജിക്കുന്നതാണ് ഈ പ്രവർത്തനാധിഷ്ഠിത പഠനവും. കൊഴിഞ്ഞുപോക്ക് തടയുന്നതിനായി അദ്ധ്യാപകരും കുട്ടികളും രക്ഷിതാക്കളും നൽകിയ നിർദ്ദേശങ്ങൾ ഏറെ വിലപ്പെട്ടവയാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ചുമതലപ്പെട്ട ബാലാവകാശ കമ്മീഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജനപ്രതിനിധികൾ, ജില്ലാ ഭരണകൂടങ്ങൾ, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ആദിവാസി സംഘടനകൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ആദിവാസി കുട്ടികൾക്ക് ശോഭനമായ ഭാവി ഉറപ്പുവരുത്താൻ ഈ പഠനം പ്രചോദനമാകുമെന്ന് കരുതുന്നു.

## സൂചനകൾ (*References*)


1) The New Indian Express, Thursday, 15 October 2015.

2) Jha and Jhingran 2002.

3) Demographic Status of Schedule Tribe Population of India: http://tribal.nic.in/WriteReadData/userfiles/file/Demographic.pdf

4) District wise Schedule Tribe Population – Census 2011: Table-A-11 (Appendix).

5) *Aaraanu Bhoomiyude Avakaasikal*, Madhyamam Weekly, P.P. Sathyan: (http://www.madhyamam.com/weekly/2953).

6) http://www.mhrd.gov.in/rte

7) http://www.thealternative.in/society/one-teacher-tribal-schools-alternative-education-closing-rte/

8) Tribal Development Plan: (https://www.google.co.in/?gfe_rd=cr&ei=NNJ_Vd-qJOPI8AeWiL64CQ&gws_rd=ssl#q=Elementary+Education+and+Tribal+Sub+plan)

9) Education for All towards quality with equity India by National University of Educational Planning and Administration, New Delhi: http://dise.in/Downloads/education-foe-all-in-india-2014-review.pdf

10) http://www.thealternative.in/society/one-teacher-tribal-schools-alternative-education-closing-rte/

11) ‘Nayam’, District Panchayath, Wayanad, Published by Diet Wayanad, Sulthan Bathery.

12) “*Ee Kazhcha Oru Bhashayude Kazhchayanu*”, Mathrubhumi Weekly, 7 June 2015, page 50.

13) Education of tribal children in india and the issue of medium of instruction: A Janshala experience – Vinoba Goutham Co-ordinator, UN/Govt. Janshala Programme, Delhi, India.

14) Scope of education and dropout among tribal students in Kerala -A study of Scheduled tribes in Attappady, Dr. Hasseena V. A. (Assistant Professor) and Dr. Ajims P. Mohammed (Principal), M E S Assembli College, Vemballur.

15) A report on the status of Primary Education of Adivasi children in Andhrapradesh and Orissa in the context of the Right to Education Act 2009 submitted by Dhaatri Resource Center for Women and Children.

16) http://www.newindianexpress.com/states/kerala/School-Dropout-Rate-Among-Tribals-Remains-High/2014/05/03/article2203265.ece.

17) School drop outs among tribal students with special reference to Paniya tribe in Wayanad, Manu George.

18) National Dalit and Adivasi Student's Parliament, 9 December 2013, Jantur Mantur, New Delhi Abhay Xaxa, Prachi R Beula, Babita Neg.

19) A case study on the school drop out scheduled tribal students of wayanad district, Kerala: Jobin Joy and M. Srihari Dept. of Communication and Media Studies, Bharathiar University, Coimbatore, Tamil Nadu, INDIA.

# ചോദ്യാവലി

## ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുളള കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പഠന സർവ്വെ

സർവ്വെ നമ്പർ : കുടുംബ നമ്പർ :

1. **സർവ്വെയിൽ പങ്കെടുക്കുന്ന കുട്ടിയുടെ പേര് :** ................................ **2. വയസ്സ് :**
3. 1) ആൺ 2) പെൺ **4. സമുദായം :** **5. ഫോൺ നമ്പർ :**
6. **ഊര് :** **7. വാർഡ് :** **8. പഞ്ചായത്ത് :**
9. **ബ്ലോക്ക് :** 1) കൽപ്പറ്റ 2) ബത്തേരി 3) മാനന്തവാടി 4) പനമരം
10. **കുട്ടിയുടെ അച്ഛന്റെ പേര് :**
11. **തൊഴിൽ :** 1) കൂലിപ്പണി 2) കൃഷിപ്പണി 3) തൊഴിലുറപ്പുപണി 88) മറ്റുള്ളവ
12. **ഇപ്പോഴത്തെ അവസ്ഥ :**
    1) മരിച്ചുപോയി 2) രോഗിയാണ് 3) ഉപേക്ഷിച്ചുപോയി 4) മദ്യത്തിന് അടിമയാണ് 88) മറ്റുള്ളവ
13. **കുട്ടിയുടെ അമ്മയുടെ പേര് :**
14. **തൊഴിൽ :** 1) കൂലിപ്പണി 2) വീട്ടുജോലി 3) തൊഴിലുറപ്പുപണി 88) മറ്റുള്ളവ
15. **ഇപ്പോഴത്തെ അവസ്ഥ :**
    1) മരിച്ചുപോയി 2) രോഗിയാണ് 3) ഉപേക്ഷിച്ചുപോയി 4) മദ്യത്തിന് അടിമയാണ് 88) മറ്റുള്ളവ
16. **നിങ്ങൾ സ്കൂളിൽ പോകുന്നുണ്ടോ?**
    1) തുടർച്ചയായി പോകുന്നു 2) തുടർച്ചയായി പോകുന്നില്ല 3) പഠനം നിർത്തി
17. **നിങ്ങൾ ഏത് ക്ലാസ്സിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്/പഠിച്ചുകൊണ്ടിരുന്നത്?**
18. **നിങ്ങൾ ഏത് സ്കൂളിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്/പഠിച്ചുകൊണ്ടിരുന്നത്?**
19. **പഠനകാലയളവിൽ എവിടെയാണ് താമസിച്ചിരുന്നത്?**
    1) ട്രൈബൽ ഹോസ്റ്റൽ 2) വീട് 3) എം.ആർ.എസ്. സ്കൂൾ 88) മറ്റുള്ളവ
20. **നിങ്ങളുടെ സ്കൂളിൽ ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണോ?**
    1) ലഭ്യമാണ് 2) ലഭ്യമല്ല 3) ഇപ്പോൾ ലഭ്യമല്ല
21. **സ്കൂളിൽ നിന്നും പ്രഭാതഭക്ഷണം കഴിക്കുന്നതിന്റെ പേരിൽ കളിയാക്കലും പരിഹാസവും നേരിടേണ്ടി വന്നിട്ടുണ്ടോ/വരുന്നുണ്ടോ?** 1) ഉണ്ട് 2) ഇല്ല
22. **നിങ്ങൾ സ്കൂളിലെ കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കാറുണ്ടോ/പങ്കെടുത്തിട്ടുണ്ടോ?** 1) ഉണ്ട് 2) ഇല്ല
23. **ഇല്ലെങ്കിൽ കാരണങ്ങൾ** 1) താൽപ്പര്യക്കുറവ് 2) അവസരം കിട്ടാത്തത് 3) പേടി 4) മറ്റുള്ളവ
24. **നിങ്ങൾക്ക് ജില്ലാ-സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടുണ്ടോ?** 1) ഉണ്ട് 2) ഇല്ല
25. **ഇല്ലെങ്കിൽ കാരണങ്ങൾ** 1. അവസരം നിഷേധിക്കുന്നു 2. സാമ്പത്തിക പ്രശ്നം
    3. രക്ഷിതാക്കളുടെ താൽപ്പര്യക്കുറവ് 4. പരിശീലനം ലഭിക്കുന്നില്ല 88) മറ്റുള്ളവ
26. **സ്കൂൾ പി.ടി.എ.യോഗങ്ങളിൽ നിങ്ങളുടെ രക്ഷിതാക്കളുടെ പങ്കാളിത്തമുണ്ടോ?** 1) ഉണ്ട് 2) ഇല്ല
27. **തുടർച്ചയായി സ്കൂളിൽ പോകുന്നതിന് നിങ്ങളെ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ**
    *(തുടർച്ചയായി സ്കൂളിൽ പോകുന്ന കുട്ടികളോട്)*
    1. പഠിക്കാനുള്ള താൽപ്പര്യക്കൂടുതൽ 2. രക്ഷിതാക്കളുടെ പ്രോത്സാഹനം
    3. സ്കൂളിലെ ആദിവാസി സൗഹാർദ്ദാന്തരീക്ഷം 4. വീട്ടിലെ മെച്ചപ്പെട്ട പഠനാന്തരീക്ഷം
    5. പഠനസാമഗ്രികളുടെ ലഭ്യത 6. അദ്ധ്യാപകരുമായുള്ള സൗഹൃദം
    7. കൂട്ടുകാരുമായുള്ള സുഹൃദ്ബന്ധങ്ങൾ 8. യാത്രാ സൗകര്യം 88. മറ്റുള്ളവ
28. **കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ നിങ്ങൾ എത്ര ദിവസം സ്കൂളിൽ ഹാജരാകാതിരുന്നിട്ടുണ്ട്?**
    *(തുടർച്ചയായി സ്കൂളിൽ പോകാത്തവരോട്)*
    1) 1 - 15 ദിവസം 2) 16 - 30 ദിവസം 3) 31 - 45 ദിവസം
    4) 46 - 60 ദിവസം 5) 61 ദിവസത്തിൽ കൂടുതൽ *(എത്ര)*
29. **പഠനം നിർത്തിയിട്ട് എത്രനാളായി?** *(പഠനം നിർത്തിയവരോട്)*
    1) 1 മാസത്തിൽ താഴെ 2) 1 - 2 മാസം 3) 3 - 4 മാസം
    4) 5 - 6 മാസം 5) 6 മാസം - 1 വർഷം 6) 1 വർഷത്തിന് മുകളിൽ
30. **ഇപ്പോൾ നിങ്ങൾ എന്തു ചെയ്യുന്നു?**
    1) വെറുതെ വീട്ടിലിരിക്കുന്നു 2) കൂലിപ്പണിക്ക് പോകുന്നു
    3) സ്വയം തൊഴിൽ ചെയ്യുന്നു 4) ഇളയ കുട്ടികളെ നോക്കുന്നു 88. മറ്റുള്ളവ
31. **നിർത്തിയ പഠനം തുടരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?** 1) ഉണ്ട് 2) ഇല്ല

**32. തുല്യത പരീക്ഷ എഴുതാൻ താൽപ്പര്യമുണ്ടോ?** 1) ഉണ്ട് 2) ഇല്ല

**33. നിങ്ങൾ തുടർച്ചയായി സ്കൂളിൽ പോകാത്തതിനുള്ള/പഠനം നിർത്താനുള്ള കാരണങ്ങൾ**

*(തുടർച്ചയായി സ്കൂളിൽ പോകാത്തവരോടും പഠനം നിർത്തിയവരോടും)*

1. രക്ഷിതാക്കളുടെ താൽപ്പര്യക്കുറവ് 2. സ്വന്തം താൽപ്പര്യക്കുറവ്
3. യാത്രാക്ലേശം/ ദൂരകൂടുതൽ 4. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധക്കുറവ്
5. പഠന നിർത്തിയ കൂട്ടുകാരുടെ സ്വാധീനം 6. അദ്ധ്യാപകരുടെ പെരുമാറ്റത്തിലെ പോരായ്മ
7. മറ്റ് കുട്ടികളിൽ നിന്നുള്ള അവഗണനയും കളിയാക്കലും
8. ഇളയകുട്ടികളെ നോക്കേണ്ട ഉത്തരവാദിത്തം 9. ആരോഗ്യ പ്രശ്നങ്ങൾ
10. സാമ്പത്തിക പ്രശ്നങ്ങൾ 11. മറ്റുള്ളവരുടെ ഉപദ്രവം
12. ലൈംഗിക ചൂഷണം 13. ശൈശവ വിവാഹം 88. മറ്റുള്ളവ

**34. നിങ്ങൾ തുടർച്ചയായി സ്കൂളിൽ പോകാത്തതിനുള്ള/പഠനം നിർത്താനുള്ള സാഹചര്യങ്ങൾ**

1. രക്ഷിതാക്കളുടെ ലഹരി ഉപയോഗം 2. പഠന അന്തരീക്ഷം വീട്ടിലില്ലാത്തത്
3. ഹോംവർക്കിൽ സഹായിക്കാനാളില്ലാത്ത അവസ്ഥ 4. സീസണൽ ജോലികൾ
5. പഠനസാമഗ്രികൾ ഇല്ലാത്തത് 6. വന്യമൃഗശല്യം
7. പ്രൈമറി ക്ലാസ്സുകളിൽനിന്നും അക്ഷര-സംഖ്യാ പഠനങ്ങളിൽ വേണ്ടത്ര അടിത്തറ ലഭിക്കാത്തത്
8. പാഠഭാഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തത് 9. ഭാഷാപ്രശ്നം
10. ജീവിതരീതിയിലെ കൃത്യനിഷ്ഠയില്ലായ്മ 88. മറ്റുള്ളവ

**35. മറ്റ് ആദിവാസി കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തതിനുള്ള/പഠനം നിർത്താനുള്ള കാരണങ്ങൾ**

*(എല്ലാ കുട്ടികളോടും)*

1. രക്ഷിതാക്കളുടെ താൽപ്പര്യക്കുറവ് 2. സ്വന്തം താൽപ്പര്യക്കുറവ്
3. യാത്രാക്ലേശം/ ദൂരകൂടുതൽ 4. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധക്കുറവ്
5. പഠനം നിർത്തിയ കൂട്ടുകാരുടെ സ്വാധീനം 6. അദ്ധ്യാപകരുടെ പെരുമാറ്റത്തിലെ പോരായ്മ
7. മറ്റ് കുട്ടികളിൽ നിന്നുള്ള അവഗണനയും കളിയാക്കലും
8. ഇളയകുട്ടികളെ നോക്കേണ്ട ഉത്തരവാദിത്തം 9. ആരോഗ്യ പ്രശ്നങ്ങൾ
10. സാമ്പത്തിക പ്രശ്നങ്ങൾ 11. മറ്റുള്ളവരുടെ ഉപദ്രവം
12. ലൈംഗിക ചൂഷണം 13. ശൈശവ വിവാഹം 88. മറ്റുള്ളവ

**36. മറ്റ് ആദിവാസി കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തതിനുള്ള/പഠനം നിർത്താനുള്ള സാഹചര്യങ്ങൾ**

1. രക്ഷിതാക്കളുടെ ലഹരി ഉപയോഗം 2. പഠന അന്തരീക്ഷം വീട്ടിലില്ലാത്തത്
3. ഹോംവർക്കിൽ സഹായിക്കാനാളില്ലാത്ത അവസ്ഥ 4. സീസണൽ ജോലികൾ
5. പഠനസാമഗ്രികൾ ഇല്ലാത്തത് 6. വന്യമൃഗശല്യം
7. പ്രൈമറി ക്ലാസ്സുകളിൽനിന്നും അക്ഷര-സംഖ്യാ പഠനങ്ങളിൽ വേണ്ടത്ര അടിത്തറ ലഭിക്കാത്തത്
8. പാഠഭാഗങ്ങൾ ഗ്രഹിക്കാൻ കഴിയാത്തത് 9. ഭാഷാപ്രശ്നം
10. ജീവിതരീതിയിലെ കൃത്യനിഷ്ഠയില്ലായ്മ 88. മറ്റുള്ളവ

**37. ആദിവാസി കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകുന്നതിനുവേണ്ട സാഹചര്യങ്ങൾ**

1. യാത്രാക്ലേശം പരിഹരിക്കൽ 2. രക്ഷിതാക്കളുടെ പ്രോത്സാഹനം
3. പഠനസാമഗ്രികളുടെ ലഭ്യത 4. മെച്ചപ്പെട്ട കുടുംബാന്തരീക്ഷം
5. പഠനവീട് സാധ്യമാക്കൽ 6. എം.ആർ.എസ്സ്. സ്കൂളുകളിലൂടെയുള്ള പഠനം
7. ട്രൈബൽ ഹോസ്റ്റലുകളിൽ താമസിക്കാനുള്ള സൗകര്യം
8. ലംപ്സം ഗ്രാന്റ് അദ്ധ്യയന വർഷാരംഭത്തിൽ ലഭ്യമാക്കൽ
9. പ്രൈമറി ക്ലാസ്സുകളിൽ ആദിവാസി ഭാഷക്ക് കൂടുതൽ പ്രാധാന്യം നൽകൽ
10. ആദിവാസി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ
11. കലാ-കായിക മേഖലകളിൽ പ്രത്യേക പരിശീലനം നൽകൽ
12. പഠന പ്രോത്സാഹന പരിപാടികൾ
13. ആവശ്യാനുസരണം വസ്ത്രങ്ങളും യൂണിഫോമും ലഭ്യമാക്കൽ
14. കൗൺസിലിംഗ് ലഭ്യമാക്കൽ 88. മറ്റുള്ളവ

**38. രക്ഷിതാക്കളുടെ അഭിപ്രായത്തിൽ കുട്ടികൾ തുടർച്ചയായി സ്കൂളിൽ പോകാത്തതിനുള്ള/പഠനം നിർത്താനുള്ള കാരണങ്ങൾ** *(രക്ഷിതാക്കളോട്)*

**39. രക്ഷിതാക്കളുടെ അഭിപ്രായത്തിൽ കൊഴിഞ്ഞുപോക്ക് തടയാനുള്ള നിർദ്ദേശങ്ങൾ**